ഓഗസ്റ്റ് 2025 വാല്യം 64 ലക്കം 08

# ദൈവരാജ്യം

## കോതമംഗലം രൂപതാ ബുള്ളറ്റിൻ




മറിയം പറഞ്ഞു : എന്റെ ആത്മാവ് കർത്താവിനെ മഹത്വപ്പെടുത്തുന്നു.
എന്റെ ചിത്തം എന്റെ രക്ഷകനായ ദൈവത്തിൽ ആനന്ദിക്കുന്നു.

ലൂക്കാ 1 : 46 - 47



യാക്കോബായ സുറിയാനി സഭയുടെ അധ്യക്ഷൻ ബസേലിയോസ്
മാർ ജോസഫ് ബാവയ്ക്ക് കോതമംഗലം രൂപത നൽകിയ സ്നേഹാദരം
(17 – 07 – 2025)



ആഗസ്റ്റ് 21 – ന് നാമകഹേതുക തിരുനാൾ ആഘോഷിക്കുന്ന
പ്രോട്ടോസിഞ്ചെല്ലൂസ്

**മോൺ. പയസ് മലേക്കണ്ടത്തിലച്ചന്**

രൂപതാ കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ

**പ്രാർത്ഥനാശംസകൾ**

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ഓഗസ്റ്റ് 2025 വാല്യം 64 ലക്കം 8




## ഉള്ളടക്കം


5 ഇടയലേഖനം
9 സർക്കുലർ – തടവറ പ്രേഷിത ഞായർ
14 സർക്കുലർ – കർഷകദിനം
20 സർക്കുലർ – ജസ്റ്റിസ് സൺഡേ
24 2025 ജൂബിലി വർഷ കർമ്മപദ്ധതി
25 രൂപതക്കച്ചേരി
26 ഒഡീഷ മിഷൻ
27 മൈനർ സെമിനാരി
27 വിജ്ഞാനഭവൻ
29 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
30 നിർമ്മല സിവിൽ സർവീസ് അക്കാദമി
32 സോഷ്യൽ സർവീസ്
35 തിരുബാലസഖ്യം
36 ചെറുപുഷ്പ മിഷൻലീഗ്
38 കെ.സി.എസ്.എൽ.
39 ഫാമിലി അപ്പോസ്തലേറ്റ്
42 പ്രോ – ലൈഫ്
42 പിതൃവേദി
43 മാതൃവേദി
44 മദ്യവിരുദ്ധസമിതി
46 ഡി.എഫ്.സി.
48 യുവദീപ്തി – **K.C.Y.M.**
50 ജീസസ് യൂത്ത്
50 കേരള ലേബർ മൂവ്മെന്റ്
51 നെസ്റ്റ് പ്രോഗ്രാം
51 തിരുനാൾ മംഗളങ്ങൾ
52 രൂപതാദ്ധ്യക്ഷന്റെ ഡയറി
54 **Bishop's Engagements**
55 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
55 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 ഇടയലേഖനം
Page 9 സർക്കുലർ – തടവറ പ്രേഷിത ഞായർ
Page 14 സർക്കുലർ – കർഷകദിനം
Page 20 സർക്കുലർ – ജസ്റ്റിസ് സൺഡേ
Page 35 തിരുബാലസഖ്യം മത്സരങ്ങൾ
Page 38 CML – രൂപതാ സാഹിത്യ മത്സരം
Page 49 KCYM - അരങ്ങ് രൂപത കലോത്സവം


## തിരുനാളുകൾ



**4**
വി. ജോൺ മരിയ വിയാനി



**6**
നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം



**8**
വി. ഡൊമിനിക്



**11**
വി. ക്ലാര



**14**
വി. മാക്സിമില്യൻ കോൾബെ



**15**
പരിശുദ്ധ കന്യകാ മറിയത്തിന്റെ സ്വർഗ്ഗാരോപണം



**21**
വി. പത്താം പീയൂസ് മാർപാപ്പ



**24**
വി. ബർത്തലോമിയോ



**28**
വി. അഗസ്റ്റിൻ



**29**
വി. എവുപ്രാസ്യ

ദൈവകൃപയാൽ

കോതമംഗലം രൂപതയുടെ മെത്രാനായ

## മാർ ജോർജ് മഠത്തിക്കണ്ടത്തിൽ

നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും

സന്യാസിനീസന്യാസികൾക്കും

അല്മായ വിശ്വാസികൾക്കും എഴുതുന്നത്

മിശിഹായിൽ സ്നേഹമുള്ളവരേ,

നമ്മുടെ കർത്താവിന്റെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായുള്ള എട്ടുനോമ്പാചരണം പതിവുപോലെ സെപ്റ്റംബർ ഒന്നാം തീയതി ആരംഭിക്കുകയാണ്. പരിശുദ്ധ അമ്മയോടുള്ള ഭക്തിയും വണക്കവും ആഘോഷമായി പ്രകടിപ്പിക്കുന്ന വിശുദ്ധ പാരമ്പര്യം എന്ന നിലയിൽ വിശ്വാസത്തോടും ഒരുക്കത്തോടും കൂടി ഈ പുണ്യദിനങ്ങളിലേക്ക് പ്രവേശിക്കാം. ഈ ലോകത്തിൽ വിശ്വാസതീർത്ഥാടനം നടത്തുന്ന സഭയ്ക്ക് ശക്തിയും ബലവും ആത്മവിശ്വാസവും നൽകുന്ന ആത്മീയ ശക്തിയാണ് പരിശുദ്ധ അമ്മ. അപ്പസ്തോലന്മാർക്കും ആദിമസഭയ്ക്കും അമ്മയുടെ സാന്നിധ്യം ധൈര്യവും പ്രേഷിത തീക്ഷ്ണതയും പകർന്നു. "അപ്പസ്തോലന്മാർ ഏക മനസ്സോടെ ഈശോയുടെ അമ്മയായ മറിയത്തോടും മറ്റ് സ്ത്രീകളോടും അവന്റെ സഹോദരന്മാരോടുമൊപ്പം പ്രാർത്ഥനയിൽ മുഴുകിയിരുന്നു" (അപ്പ. 1:14).

ഈശോയുടെ രക്ഷാകരപദ്ധതിയിൽ ദൈവപിതാവിന്റെ മനസ്സറിഞ്ഞ് സഹകരിച്ച വ്യക്തിയാണ് പരിശുദ്ധ അമ്മ. അതുകൊണ്ടാണ് സഭയുടെ ഇന്നുവരെയുള്ള ചരിത്രത്തിലും മുന്നേറ്റത്തിലും സമുന്നതമായ സ്ഥാനം പരിശുദ്ധ മാതാവിന് നൽകിവരുന്നത്. ദൈവപുത്രനായ ഈശോയുടെ ദൗത്യത്തിന്റെ ഗൗരവവും പ്രാധാന്യവും മനസ്സിലാക്കി പിന്തുണയും സന്ദേശവും നൽകി അമ്മ ഈശോയുടെ കൂടെ സഞ്ചരിച്ചു. കാനായിൽ ആദ്യ അടയാളം പ്രവർത്തിക്കുമ്പോഴും, പ്രാർത്ഥിക്കാൻ ദൈവാലയത്തിൽ പോകുമ്പോഴും, പരസ്യജീവിതത്തിന്റെ വിവിധ സാഹചര്യങ്ങളിലും, പീഡാനുഭവ യാത്രയിലും, കുരിശിന്റെ ചുവട്ടിലും മാതാവ് ഈശോയെ അനുഗമിച്ചു.

ഈ കാലഘട്ടത്തിൽ ഈശോയെ അനുഗമിച്ച് നിത്യജീവൻ ലക്ഷ്യമാക്കി യാത്രചെയ്യുന്ന നമുക്ക് പരിശുദ്ധ അമ്മയുടെ മധ്യസ്ഥത സഹായകരമാകട്ടെ. പരിശുദ്ധ അമ്മയോടുള്ള സ്നേഹവും ആദരവും പരസ്യമായി പ്രഖ്യാപിക്കാൻ ധാരാളം തിരുനാളുകളും ആഘോഷങ്ങളും നാം നടത്താറുണ്ട്. മാർത്തോമാക്രിസ്ത്യാനികളായ നമ്മെ സംബന്ധിച്ച് ചരിത്ര പ്രാധാന്യമുള്ള പാരമ്പര്യമാണ് എട്ടുനോമ്പ് ആചരണം. നമ്മുടെ പൂർവികരുടെ വിശ്വാസതീക്ഷ്ണതയും ദൈവാശ്രയബോധവുമാണ് എട്ടുനോമ്പ് ആചരണത്തിന്റെ അടിസ്ഥാനം. നമ്മുടെ കുടുംബങ്ങളെയും, കുഞ്ഞുങ്ങളെയും, സാമൂഹ്യസാംസ്കാരിക സാഹചര്യങ്ങളെയും പരിശുദ്ധ അമ്മ വഴി ദൈവതിരുമുമ്പിൽ സമർപ്പിക്കാനുള്ള അവസരമായി എട്ടുനോമ്പ് ആചരണം മാറട്ടെ. പ്രതിസന്ധികളും പ്രതികൂലസാഹചര്യങ്ങളും തിന്മയുടെ സ്വാധീനങ്ങളും വർദ്ധിച്ചുവരുന്ന ഇക്കാലത്ത് വിശ്വാസത്തിൽ അടിയുറച്ച കുടുംബങ്ങളും സുവിശേഷ മൂല്യങ്ങളിൽ വളർന്നു വരുന്ന കുട്ടികളും ധാർമ്മികതയിൽ അടിയുറച്ച പൊതുസമൂഹവും കാലഘട്ടത്തിന്റെ അനിവാര്യതയാണ് എന്ന തിരിച്ചറിവ് മനസ്സിൽ സൂക്ഷിച്ചുകൊണ്ടുവേണം ഈ വർഷത്തെ എട്ടുനോമ്പാചരണത്തിലേക്ക് നാം പ്രവേശിക്കാൻ.

കുടുംബങ്ങളുടെ നവീകരണത്തിനും വ്യക്തിജീവിതങ്ങളുടെ വിശുദ്ധീകരണത്തിനും എട്ടുനോമ്പ് ആചരണം സഹായകരമാകണം. സങ്കടങ്ങളിലൂടെ കടന്നുപോകുന്ന സകലരേയും നമ്മുടെ പ്രാർത്ഥനയിൽ ഓർക്കണം. നിരാശരായ കർഷകർ, വന്യമൃഗശല്യംമൂലം ഭീതിയിൽ കഴിയുന്നവർ, മദ്യവും മയക്കുമരുന്നും മറ്റ് ലഹരികളും മൂലം തകർന്ന യുവജനങ്ങൾ, അഴിമതിയും അക്രമങ്ങളും മൂലം പ്രതിസന്ധിയിൽ ആയിരിക്കുന്നവർ എന്നിവരെ നാം ഓർക്കണം. ഇങ്ങനെ സഭയോടും പൊതുസമൂഹത്തോടും ചേർന്ന് നമ്മുടെ പ്രാർത്ഥനകൾ സ്വർഗത്തിലേക്ക് ഉയരട്ടെ.

നമ്മുടെ കുടുംബങ്ങളിൽ വളർന്നുവരുന്ന കുട്ടികളും പഠനത്തിനും ജോലികൾക്കുമായി നാട്ടിലും വിദേശത്തുമുള്ള യുവജനങ്ങളും സഭയോടും കൂദാശകളോടും താല്പര്യവും ആഭിമുഖ്യവുമുള്ളവരായി വളർന്നുവരുന്നു എന്ന് ഉറപ്പുവരുത്താൻ നമുക്ക് കടമയുണ്ട്. ഭൗതിക

വാദവും അമിത സെക്കുലർ ചിന്തകളും പ്രബലമാകുന്ന ഈ കാലത്ത് ആത്മീയ കാര്യങ്ങളും സഭാത്മക ജീവിതവും ആത്യന്തിക ജീവിതവിജയത്തിന് ആവശ്യമാണ് എന്ന സത്യം പുതിയ തലമുറയിലെ കുടുംബങ്ങളും കുട്ടികളും യുവജനങ്ങളും മനസ്സിലാക്കണം. കുടുംബ ബന്ധങ്ങൾ ശക്തിപ്പെടുത്താനും കുടുംബങ്ങളിലെ വിശ്വാസപരിശീലനം കൂടുതൽ കാര്യക്ഷമമാക്കാനും ഈ വർഷത്തെ എട്ടുനോമ്പ് ആചരണത്തിൽ നമുക്ക് സവിശേഷ ശ്രദ്ധ ചെലുത്താം.

എട്ടുനോമ്പ് തിരുനാൾ ഭക്തിനിർഭരമായി ആഘോഷിക്കുന്ന പാരമ്പര്യമാണ് നമ്മുടെ രൂപതയ്ക്കുള്ളത്. പരിശുദ്ധ അമ്മയുടെ നാമത്തിലുള്ള തീർത്ഥാടനകേന്ദ്രങ്ങളായ നാകപ്പുഴ, നെടിയശാല, കൊച്ചുനാകപ്പുഴ എന്നറിയപ്പെടുന്ന കുട്ടമ്പുഴ എന്നീ പള്ളികളിൽ തീർത്ഥാടകർ ഒരുമിച്ച്ചേർന്ന് എട്ടുനോമ്പ് നല്ല രീതിയിൽ ആചരിക്കുന്നുണ്ട് എന്നത് സന്തോഷകരമാണ്. ഇടവകയെന്ന പ്രാദേശിക സഭാസമൂഹത്തിന്റെ കൂട്ടായ്മയ്ക്കും വിശ്വാസത്തിലുള്ള വളർച്ചയ്ക്കും ഇത്തരം തിരുനാൾ ആഘോഷങ്ങൾ കാരണമാകട്ടെയെന്ന് ആശംസിക്കുന്നു.

നോമ്പ് ആചരണത്തിൽ ഒരുക്കത്തോടെ പങ്കുചേർന്നും മരിയൻ തീർത്ഥാടനങ്ങൾ നടത്തിയും ഭക്തകൃത്യങ്ങൾ അനുഷ്ഠിച്ചും പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ നമുക്ക് അവിസ്മരണീയമായ ഒരു ആത്മീയ അനുഭവമാക്കിത്തീർക്കാം. എട്ടുനോമ്പിന് മുന്നോടിയായുള്ള ഈ വർഷത്തെ മരിയൻ തീർത്ഥാടനം നാകപ്പുഴ പള്ളിയിലേക്കായിരിക്കും നടത്തപ്പെടുന്നത്. ഓഗസ്റ്റ് 30 ശനിയാഴ്ച വൈകുന്നേരം 3:00 മണിക്ക് മൈലക്കൊമ്പ്, കല്ലൂർക്കാട് എന്നീ പള്ളികളിൽനിന്ന് ആരംഭിച്ച് നാകപ്പുഴയിൽ എത്തിച്ചേരുംവിധമാണ് തീർത്ഥാടനം ക്രമീകരിച്ചിരിക്കുന്നത്. സാധിക്കുന്ന എല്ലാ ഇടവകകളിൽനിന്നും ആളുകൾ മൈലക്കൊമ്പ് പള്ളിയിലോ കല്ലൂർക്കാട് പള്ളിയിലോ എത്തിച്ചേർന്ന് ഈ തീർത്ഥാടനത്തിൽ പങ്കുചേരണമെന്ന് അറിയിക്കുന്നു.

“പരിശുദ്ധ അമ്മയുടെ ജന്മദിനം ലോകത്തിലെ ഏറ്റവും വലിയ സന്തോഷത്തിന്റെ ദിവസമായിരുന്നു. എന്തെന്നാൽ അമ്മയിലൂടെ മനുഷ്യഹൃദയത്തിന്റെ നവീകരണം ആരംഭിച്ചു.” വി. ജോൺ ഡമഷീൻ

പറഞ്ഞ ഈ വാക്കുകളുടെ ചൈതന്യം സ്വീകരിച്ച് ഈ വർഷത്തെ എട്ടുനോമ്പ് ആചരണവും പരിശുദ്ധ അമ്മയുടെ പിറവിത്തിരുനാളും ജീവിത നവീകരണത്തിനും കുടുംബങ്ങളുടെ വിശുദ്ധീകരണത്തിനുമുള്ള അവസരമായിത്തീരട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനഭവനത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2025 ആഗസ്റ്റ് 24-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമധ്യേ വായിക്കേണ്ടതാണ്.

No: 4120/K-5/KCBC/OL/DS 16.07.2025

# തടവറ പ്രേഷിത ഞായർ
# 10 ഓഗസ്റ്റ് 2025

**വീണുപോയ മനുഷ്യർക്ക് പ്രാർഥനയുടെ ചിറകിൽ പറന്നുയരാം**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു രക്ഷിക്കാൻ വന്ന കർത്താവായ ഈശോമിശിഹായുടെ (ലൂക്കാ 19:10) കൃപയും കരുണയും സമാധാനവും നിങ്ങൾക്കുണ്ടാകട്ടെ. കത്തോലിക്കാസഭ തടവറ പ്രേഷിത ഞായർ ആചരിക്കുന്ന ഈ അവസരത്തിൽ ഇതിന്റെ ആപ്തവാക്യം- "വീണുപോയ മനുഷ്യർക്ക് പ്രാർഥനയുടെ ചിറകിൽ പറന്നുയരാം", എന്നത് ദൈവകൃപയാലും സഭയുടെ കരുണാർദ്രമായ പിൻബലത്താലും എപ്പോഴും നവീകരണം സാധ്യമാണ് എന്ന കാര്യം നമ്മെ ഓർമിപ്പിക്കുന്നു. മാപ്പേകാൻ വിസമ്മതിക്കുകയും അതേസമയം കുറ്റംവിധിക്കാൻ ധൃതികൂട്ടുകയും ചെയ്യുന്ന ഇന്നത്തെ ലോകത്ത് മറ്റൊരു വലിയ സത്യത്തിലേക്കു സുവിശേഷം നമ്മെ ക്ഷണിക്കുന്നു: ഓരോ മനുഷ്യവ്യക്തിയും, എത്ര വലിയ താഴ്ചയിലേക്ക് വീണാലും, ദൈവത്തിന്റെ മുമ്പിൽ വിലമതിക്കപ്പെട്ടവനും നമ്മുടെ പ്രാർഥനവഴി അവിടത്തെ കരുണ ലഭിച്ചു രൂപാന്തരപ്പെടാൻ സാധ്യതയുള്ളവനുമാണ്. ദൈവത്തിനു വീണ്ടെടുക്കാൻ കഴിയാത്തവരായി ആരുമില്ല.

## വീണ്ടെടുപ്പിനായുള്ള വിളി

വീണുപോയവരോടുള്ള ദൈവത്തിന്റെ അചഞ്ചലമായ സ്നേഹം വിശുദ്ധലിഖിതത്തിന്റെ ആരംഭം മുതൽ നാം കാണുന്നു. ആദവും ഹവ്വയും വീണുപോയെങ്കിൽപ്പോലും ഉപേക്ഷിക്കപ്പെട്ടില്ല. ദാവീദ് രാജാവ് വലിയ പാപത്തിൽ വീണുപോയിരുന്നെങ്കിലും അനുതപിക്കുകയും ദൈവത്തിന്റെ ഹൃദയത്തിനു ചേർന്ന വ്യക്തിയായി മാറുകയും ചെയ്തു. ഒരിക്കൽ സഭയെ പീഡിപ്പിച്ചിരുന്ന സാവുൾ ജനതകളുടെ അപ്പസ്തോലനായി മാറി. ധൂർത്തപുത്രന് മാപ്പ് ലഭിച്ചെന്നു മാത്രമല്ല, അവന്റെ തിരിച്ചുവരവ് ആഘോഷിക്കപ്പെടുകയും ചെയ്തു. ഇവയെല്ലാം കേവലം ഭൂതകാല കഥകൾ അല്ല. വിശ്വാസവും അനുതാപവും ഉള്ളപ്പോൾ ഒരു വീഴ്ചയും അതിൽതന്നെ അന്ത്യമല്ല; മറിച്ച്, തിരിച്ചുവരവിലേയ്ക്കും ഉയർപ്പിലേയ്ക്കുമുള്ള സാധ്യതയാണ്. എസ

ക്കിയേൽ പ്രവാചകൻവഴി ദൈവം പറയുന്നതുപോലെ, ദുഷ്ടൻ മരിക്കുന്നതിലല്ല, അവൻ ദുഷ്ടമാർഗത്തിൽനിന്നു പിന്തിരിഞ്ഞു ജീവിക്കുന്നതിലാണ് എനിക്കു സന്തോഷം (33:11).

## ക്രിസ്തു: കരുണാമയനും വീണ്ടെടുക്കുന്നവനും

യേശു തന്റെ പരസ്യജീവിതത്തിൽ എല്ലാവരെയും തന്നോട് ചേർത്തുപിടിച്ചു. അനുതപിച്ച കള്ളന് മാപ്പു നൽകിക്കൊണ്ട് അവിടന്ന് പറഞ്ഞു: നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും (ലൂക്കാ 23:43). അവിടന്ന് ചുങ്കക്കാരോടൊത്തു വിരുന്നിനിരുന്നു, വ്യഭിചാരത്തിൽ പിടിക്കപ്പെട്ടവർക്കു മാപ്പുകൊടുത്തു, നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി. നഷ്ടപ്പെട്ട നാണയത്തിന്റെയും നഷ്ടപ്പെട്ട ആടിന്റെയും നഷ്ടപ്പെട്ട പുത്രന്റെയും ഉപമകളിലൂടെ അവിടന്ന് പിതാവിന്റെ ഹൃദയം വെളിപ്പെടുത്തി. മനസാന്തരം ആവശ്യമില്ലാത്ത തൊണ്ണൂറ്റൊൻപതു നീതിമാന്മാരെക്കുറിച്ച് എന്നതിനേക്കാൾ, അനുതപിക്കുന്ന ഒരു പാപിയെക്കുറിച്ച് സ്വർഗത്തിൽ കൂടുതൽ സന്തോഷമുണ്ടാകും (ലൂക്കാ 15:7) എന്ന് അവിടന്നു പ്രസ്താവിച്ചു. ക്രിസ്തുവിന്റെ ദൗത്യം, അന്നും ഇന്നും, എന്നും നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടെത്തി രക്ഷപ്പെടുത്തുക എന്നതാണ് (ലൂക്കാ 19:10).

## സഭ: വീണു പോകുന്നവരുടെ മാതാവ്

ക്രിസ്തുവിന്റെ ശരീരം എന്ന നിലയ്ക്ക് അവന്റെതന്നെ കരുണയുടെ ദൗത്യമാണ് സഭയെ ഭരമേൽപ്പിച്ചിരിക്കുന്നത്. ആരെയും കുറ്റം വിധിക്കാനല്ല അവൾ നിലകൊള്ളുന്നത്; മറിച്ച്, സ്വാഗതം ചെയ്യാനും സുഖപ്പെടുത്താനും സമൂഹത്തിൽ തിരസ്കൃതരും വീണുപോയവരും ആയവരെ പുനരുജ്ജീവിപ്പിക്കാനുമാണ്. അനുരഞ്ജനകൂദാശവഴി ആത്മാക്കൾ നവീകരിക്കപ്പെടുന്നു. ദിവ്യകാരുണ്യസ്വീകരണംവഴി മുറിവേൽപ്പിക്കപ്പെട്ട ജീവിതങ്ങൾ ബലപ്പെടുത്തപ്പെടുന്നു. സഭ ക്ഷണിക്കപ്പെട്ടിരിക്കുന്നത് മാപ്പും മോചനവും നൽകാൻവേണ്ടി മാത്രമല്ല അതോടൊപ്പം സുഖപ്പെടുത്താനും അനുഗമനംചെയ്യാനും വേണ്ടിയാണ്. ഒരു അമ്മയെപ്പോലെ അവൾ പരിചരിക്കുകയും ആശ്വസിപ്പിക്കുകയും പ്രത്യാശപകരുകയും ചെയ്യുന്നു; അത് അഴികൾക്കുള്ളിലുള്ള ആളുകൾക്കുവേണ്ടിയും സഭ ചെയ്യുന്നു. പെറ്റമ്മ മറന്നാലും ഞാൻ നിന്നെ മറക്കുകയില്ല എന്ന് ഏശയ്യാ പ്രവാചകൻ വഴി അരുൾചെയ്യപ്പെട്ട വചനത്തിന്റെ ചൈതന്യത്തിലാണ് (ഏശ 49:15) പ്രിസൺ മിനിസ്ട്രി

ഇന്ത്യ (PMI) അഴികൾക്കുപിന്നിലുള്ള സഹോദരീസഹോദരന്മാരുടെ പക്കലേക്കു സഭയുടെ കരുണാർദ്ര ഭാവത്തോടെ തിരിയുന്നത്.

**പ്രിസൺ മിനിസ്ട്രി ഇന്ത്യ: സുവിശേഷം പ്രവർത്തനപന്ഥാവിൽ**

1981 ഡിസംബർ എട്ടാം തീയതി കോട്ടയത്തെ സെന്റ് തോമസ് അപ്പസ്തോലിക്ക് സെമിനാരിയിൽ രണ്ടു വൈദിക വിദ്യാർഥികളാൽ ആരംഭിച്ച പ്രിസൺ മിനിസ്ട്രി ഇന്ത്യ നമ്മുടെ നാട്ടിൽ ദൈവിക കരുണയുടെ ദീപനാളം ആണ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സന്നദ്ധപ്രവർത്തകർ തടവറകളിൽ പ്രവേശിക്കുന്നത് ആരെയും വിധിച്ചുകൊണ്ടല്ല, മറിച്ച് അനുകമ്പയോടെയാണ്. അവർ അവിടത്തെ അന്തേവാസികളോടൊത്തു പ്രാർഥിക്കുകയും, അവർക്ക് കൗൺസലിംഗ് നൽകുകയും അവരുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുകയും നിയമ സഹായം നൽകുകയും ചെയ്യുന്നു. മാത്രമല്ല, അവർ ജയിൽ മോചിതരായ ശേഷം അവർക്ക് ആവശ്യമായ അനുഗമനം നല്കി പുനരധിവസിപ്പിക്കുവാൻ ശ്രമിക്കുന്നു. ശിക്ഷകഴിഞ്ഞ് പുറത്തിറങ്ങുമ്പോൾ എങ്ങോട്ട് പോകണമെന്ന് അറിയാത്തവരെ PMI പുനരധിവാസ കേന്ദ്രങ്ങളിൽ താമസിപ്പിക്കുകയും അവർക്ക് ജോലി സാധ്യതകൾ ഒരുക്കുകയും മുറിവേറ്റ ജീവിതങ്ങളെ സുഖപ്പെടുത്തുകയും ചെയ്യുന്നു. ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തു വന്നു (മത്താ 25:36) എന്ന ക്രിസ്തുവചനം അപ്രകാരം അന്വർഥമാക്കുന്നു.

**പ്രാർഥനയുടെ ചിറകുകളിൽ**

തടവുകാരെ പുനരധിവസിപ്പിക്കുന്ന പ്രക്രിയയിൽ പ്രാർഥനയും ഉപവാസവും അടിസ്ഥാന ഘടകങ്ങളാണ്. പ്രാർഥനവഴിയാണ് ഹൃദയങ്ങൾ മൃദുലമാക്കപ്പെടുന്നതും മനസ്സാക്ഷി ഉണർത്തപ്പെടുന്നതും കൃപ സ്വീകരിക്കപ്പെടുന്നതും. ബംഗളൂരുവിലുള്ള നാഷണൽ ഓഫീസിനോട് ചേർന്ന് PMI യുടെ ഒരു പ്രാർഥനാഗോപുരം (prayer tower) ഉണ്ട്; ലോകം മുഴുവനുമുള്ള തടവുകാർക്കുവേണ്ടി ദിവ്യകാരുണ്യ സവിധേ അവിടെ സന്നദ്ധപ്രവർത്തകർ നിരന്തരം മധ്യസ്ഥപ്രാർഥന നടത്തുന്നു. ഈ അഖണ്ഡ മധ്യസ്ഥപ്രാർഥനയിൽ (Incessant Intercessary Invocation) ഓൺലൈൻ ആയിട്ടോ ആത്മീയമായിട്ടോ പങ്കുചേരാൻ നിങ്ങളെ സ്നേഹപൂർവം ക്ഷണിക്കുന്നു. അഖണ്ഡ ഉപവാസം, അഖണ്ഡ ദിവ്യബലി, അഖണ്ഡ ജപമാല, അഖണ്ഡ കരുണക്കൊന്ത എന്നിവ PMI സംഘടിപ്പിക്കുന്നുണ്ട്. നിങ്ങളുടെ നിത്യേനയുള്ള പ്രാർഥനയും

അധ്യാത്മിക ശുശ്രൂഷകളും തടവുകാരെ, ഏറെ പ്രത്യേകിച്ച് ഭീകര പ്രവർത്തകർ, മനുഷ്യക്കടത്തുകാർ തുടങ്ങിയവരെ, കൃപയിലേക്ക് ഉയർത്തുന്ന യഥാർഥ ചിറകുകളായി പരിണമിക്കും.

## തടവറ ശുശ്രൂഷവഴിയുള്ള രൂപാന്തരം

ഒരുകാലത്ത് നിരന്തരം കളവു ചെയ്തുകൊണ്ടിരുന്ന രാജേഷിന്റെ (പേര് സാങ്കൽപ്പികം) കഥ ഞാൻ നിങ്ങളോടു പങ്കുവയ്ക്കാം. കുടുംബവും സമൂഹവും തിരസ്കരിച്ച അയാളെ തടവറ ശുശ്രൂഷയുടെ സന്നദ്ധപ്രവർത്തകർ ജയിലിൽ കണ്ടുമുട്ടി. പ്രാർഥനയും വചന വായനയും ശുശ്രൂഷകരുടെ പിൻബലവും വഴിയായി അയാൾക്ക് ആഴത്തിലുള്ള മാനസാന്തരാനുഭവം ഉണ്ടായി. തന്റെ മോചനത്തിനുശേഷം തൊഴിൽ കണ്ടെത്താനും തന്റെ അമ്മയുമായി രമ്യതപ്പെടാനും പുതിയൊരു ജീവിതശൈലി സ്വീകരിക്കാനും PMI അയാളെ സഹായിച്ചു. ഇന്ന് അയാൾ ഒരു നല്ല പിതാവാണ്; ഇടവകയിലെ സന്നദ്ധ പ്രവർത്തകനും ദൈവത്തിന്റെ കരുണാർദ്ര സ്നേഹത്തിന്റെ സജീവ സാക്ഷിയുമായി പ്രശോഭിക്കുന്നു.

## ഇന്ത്യയിലെ സഭയുടെ വിളി

നമ്മുടെ ഓരോ ഇടവകയും സന്യാസസമൂഹവും പ്രാർഥനാ കൂട്ടായ്മയും കുടുംബവും ദൈനംദിനം തടവറകളിൽ ആയിരിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കണം, പ്രത്യേകിച്ച് മധ്യസ്ഥ പ്രാർഥന വഴിയും ജപമാല വഴിയുമുള്ള പിൻബലം അനിവാര്യമാണ്. പ്രാർഥന, സംഭാവന, സന്നദ്ധപ്രവർത്തനം, പങ്കുവെക്കൽ എന്നിവയിലൂടെ ജീവിതങ്ങളെ രൂപാന്തരപ്പെടുത്തുവാൻ കഴിയും. ഒരുകാലത്ത് തടവറയിലായിരുന്നവരെ നമ്മുടെ കൂട്ടായ്മയിലേയ്ക്ക് സ്വാഗതം ചെയ്യാനും അവരുടെ മാഹാത്മ്യം അംഗീകരിക്കാനും അവരോട് അനുകമ്പയോടെ പെരുമാറാനും നാം തയ്യാറാകണം. തടവറയിൽ ആയിരിക്കുന്നവരുടെ കുടുംബങ്ങൾക്കു സഹായം എത്തിച്ചുകൊടുക്കാൻ നമ്മൾ ശ്രമിക്കണം; കാരണം അവരെല്ലാവരും ക്രിസ്തുവിൽ നമ്മുടെ സഹോദരീസഹോദരന്മാരാണ്.

തടവറ പ്രേഷിത ഞായർ ആചരണം വിസ്മരിക്കപ്പെട്ടവരെ ശുശ്രൂഷിക്കാനും ശബ്ദമില്ലാത്തവരുടെ അഭിഭാഷകരാകാനും അഴികൾക്കുള്ളിലെ മനുഷ്യരോടു സദ്വാർത്ത അറിയിക്കാനും നമ്മെ കൂടുതൽ ധൈര്യപ്പെടുത്തട്ടെ. വിധി പറയുന്ന ഒരു കോടതിമുറിയല്ല സഭ, മറിച്ച്

സുഖപ്പെടുത്തുന്ന ഒരു ആതുരാലയമാണ്. ഞാനും നിന്നെ വിധിക്കുന്നില്ല; പൊയ്ക്കൊള്ളുക. ഇനിമേൽ പാപം ചെയ്യരുത് (യോഹ 8:11) എന്ന ക്രിസ്തുവിന്റെ വചനം നമുക്ക് ഓർമിക്കാം.

**കൃതജ്ഞതയും ആശംസകളും**

സഹോദരമെത്രാന്മാരോടു ചേർന്നുനിന്നുകൊണ്ട്, എല്ലാ രൂപതകൾക്കും സന്യാസസഭ മേലധികാരികൾക്കും ഉപകാരികൾക്കും നിങ്ങളുടെ പ്രാർഥനയും ഉദാരമായ പിന്തുണയും അനുസ്മരിച്ചുകൊണ്ട് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. തുടർന്നും നിങ്ങളുടെ നിർലോപമായ സഹകരണം അഭ്യർത്ഥിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചുവന്ന യേശു നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ. തടവറ പ്രേഷിത ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന സന്നദ്ധപ്രവർത്തകരുടെ ദൗത്യം വളരെയേറെ ഞങ്ങൾ വിലമതിക്കുന്നു; തടവറയിൽ ആയിരുന്നവരെ പുനരധിവസിപ്പിക്കുക എന്നതാണ് ഏറ്റവും വെല്ലുവിളി നിറഞ്ഞ, ശ്രമകരമായ പ്രവൃത്തി. പ്രിസൺ മിനിസ്ട്രിയുടെ സ്വർഗീയ മധ്യസ്ഥരായ വിശുദ്ധ മാക്സ്മില്യൻ കോൾബേ, ധന്യൻ ഫ്രാൻസിസ് സേവ്യർ വാൻ തൂവാൻ എന്നിവരുടെ പ്രാർത്ഥനകൾ നമുക്കു യാചിക്കാം. നമ്മുടെ മാതാവായ പരിശുദ്ധ കന്യകാമറിയം എപ്പോഴും നമ്മെ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യട്ടെ!

പൈതൃകാശിസ്സുകളോടെ,

**ബിഷപ്പ് മാർ ജോസ് പുളിക്കൽ**
(ചെയർപേഴ്സൺ, പ്രിസൺ മിനിസ്ട്രി, ഇന്ത്യ
ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ്പ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

NB: 2025 ആഗസ്റ്റ് 10-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

Ref: 4124/K-35/KCBC/OL/DS 23.07.2025

# 2025 ആഗസ്റ്റ് 17 കർഷകദിനം

## കെസിബിസി ഇൻഫാം കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ വൈദികരേ, സിസ്റ്റേഴ്സ്, മാതാപിതാക്കളെ, യുവജനങ്ങളെ, കുഞ്ഞുങ്ങളെ,

സമാനതകളില്ലാത്ത പ്രതിസന്ധികളിലൂടെ കർഷകർ കടന്നുപോവുകയും, നാടിറങ്ങുന്ന വന്യമൃഗങ്ങളാൽ നൂറുകണക്കിനാളുകൾ കൊല്ലപ്പെടുകയും അപരിഷ്കൃത നാടുകൾക്ക് സമാനം കേരളത്തിന്റെ വഴിയോരങ്ങളിൽ ജനങ്ങളുടെ സ്വൈര്യവിഹാരത്തെ അപകടത്തിലാക്കുംവിധം തെരുവ്നായ്ക്കൾ പെരുകുകയും ചെയ്യുന്ന ഗുരുതരമായ സാമൂഹ്യപ്രതിസന്ധികൾക്ക് നടുവിലാണ് കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ഈ സർക്കുലർ പുറപ്പെടുവിക്കുന്നത്. അന്നം തരുന്നവരുടെ സങ്കടങ്ങൾ സർക്കാരുകൾ തുടർച്ചയായി അവഗണിക്കുമ്പോൾ അവരുടെ ബുദ്ധിമുട്ടുകളിലേക്ക് വിശ്വാസസമൂഹത്തിന്റെയും പൊതുസമൂഹത്തിന്റെയും ശ്രദ്ധ ക്ഷണിക്കുകയാണ് ഈ സർക്കുലറിന്റെ ലക്ഷ്യം.

കേരളത്തിന്റെ കാർഷിക പാരമ്പര്യത്തിന്റെ ഉത്സവനാളുകൾ കൂടിയായ ഈ ഓണക്കാലത്ത് കർഷകരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കാനും നമ്മുടെ കുടുംബങ്ങളെ ബലപ്പെടുത്തിയിരുന്ന കാർഷിക സംസ്കാരത്തെ അനുസ്മരിക്കാനുമായി ഈ ഞായറാഴ്ച നമുക്ക് മാറ്റിവയ്ക്കാം.

### കാർഷിക വൃത്തിയും സംസ്കാരവും

കാർഷികവൃത്തിയെക്കുറിച്ച് ചിന്തിക്കുമ്പോൾ, ലോകത്തിലെ എല്ലാ സംസ്കാരങ്ങളും വളർന്നു വന്നത് കൃഷിയിൽ നിന്നാണെന്ന് നാം മനസ്സിലാക്കണം. കൃഷിക്കുവേണ്ടിയാണ് നദീതടങ്ങളുടെ സമീപം മനുഷ്യർ താമസിച്ചിരുന്നത്. അങ്ങനെയാണ് സിന്ധുനദീതട സംസ്കാരം പോലെയുള്ള മഹത്തായ ലോക സംസ്കാരങ്ങൾ ആവിർഭവിച്ചത്. കേരളത്തെക്കുറിച്ച് പറയുമ്പോൾ മലയാളിയുടെ നന്മനിറഞ്ഞ സംസ്കാരത്തെ രൂപപ്പെടുത്തിയതിൽ പ്രധാന പങ്കു വഹിച്ചത് കൃഷി

യായിരുന്നുവെന്ന് പറയേണ്ടി വരും. നെല്ലും വയലും പച്ചക്കറിത്തോട്ടങ്ങളും എല്ലാംകൂടി നമ്മുടെ ചുറ്റുപാടുകളിൽ സൃഷ്ടിച്ച ഒരു സംസ്കാരം ഉണ്ടായിരുന്നു. വാടിപ്പോയ ചെടികളെ വെള്ളവും വളവും നൽകി ഊർജ്ജസ്വലരാക്കി എടുക്കുന്ന കർഷകൻ സ്കൂൾ അധ്യാപകനേക്കാൾ വലിയ ജീവിതമൂല്യങ്ങളായിരുന്നു പഠിപ്പിച്ചുകൊണ്ടിരുന്നത്. കാത്തിരിപ്പിന്റെയും ക്ഷമയുടെയും കൂട്ടിച്ചേർത്തുനിർത്തലിന്റെയും പ്രോത്സാഹനത്തിന്റെയും ദയയുടെയുമൊക്കെ വലിയ സുവിശേഷ പാഠങ്ങളായിരുന്നു അവ. കുട്ടികളെ കൂടെ നിർത്തി നടുകയും വളമിടുകയും അയൽപക്കക്കാരോടൊത്ത് വിളവെടുക്കുകയും ചെയ്തിരുന്ന പഴയകാല മാതാപിതാക്കൾ പകർന്നു കൊടുത്തിരുന്ന ഉദാത്തമായ മൂല്യങ്ങളിലാണ് നമ്മുടെ നാട് നന്മയുള്ള നാടായി നിലനിന്നിരുന്നത്.

**ക്രിസ്തുവിന്റെ മനസ്സിലെ കൃഷിക്കാരൻ**

നമ്മുടെ കർത്താവ് ദൈവരാജ്യത്തെക്കുറിച്ച് പഠിപ്പിക്കാൻ മെനഞ്ഞെടുത്ത ഉപമകളിൽ ഏറിയപങ്കും കൃഷിയോടും കൃഷിക്കാരോടും ബന്ധപ്പെടുത്തിയുള്ളതായിരുന്നുവെന്ന് നാം മറന്നുകൂടാ. തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേൽ കൃഷിക്കാരായിരുന്നു. മുന്തിരി കൃഷിയും മീൻപിടുത്തവും ആടുമേയ്ക്കലും ഗോതമ്പ് കൃഷിയുമൊക്കെ അവരുടെ പ്രധാന ഉപജീവനമാർഗ്ഗങ്ങളായിരുന്നു. ആയതിനാൽ അവരുടെ കൃഷിയിടങ്ങളിൽ നിന്ന് മിശിഹാ തമ്പുരാൻ ദൈവരാജ്യത്തെക്കുറിച്ചുള്ള ഉപമകൾ മെനഞ്ഞു. ദൈവരാജ്യം വയലിൽ വിതയ്ക്കപ്പെട്ട വിത്തിന് തുല്യമാണെന്ന് പറഞ്ഞപ്പോഴും ദൈവരാജ്യം മുന്തിരിത്തോട്ടത്തിലെ കൃഷിക്കാർക്ക് സമാനമാണെന്ന് പറഞ്ഞപ്പോഴുമൊക്കെ അവിടന്ന് കർഷകന്റെ പ്രാധാന്യത്തെക്കുറിച്ച് പഠിപ്പിക്കുകയായിരുന്നു. പിന്നീട് അവിടന്ന് നല്ലിടയന്റെ ഉപമ പറഞ്ഞു; കടുകുമണിയുടെ ഉപമ പറഞ്ഞു; കടലിൽ എറിയപ്പെട്ട വലയുടെ ഉപമ പറഞ്ഞു. അങ്ങനെ എത്രയോ ഉപമകളാണ് കർഷകബന്ധിയായി അവിടന്ന് പറഞ്ഞത്. കൃഷിയേയും കർഷകരെയും നമ്മുടെ കർത്താവ് സ്നേഹിച്ചുവെന്ന ഉത്തമബോധ്യത്തിൽ നിന്നാണ് കത്തോലിക്കാസഭയും സഭയുടെ മാധ്യമങ്ങളും കർഷകർക്കു വേണ്ടി ശക്തമായ നിലപാടുകൾ സ്വീകരിക്കുന്നത്.

**കടുത്ത കർഷക അവഗണന**

"വിതയ്ക്കുന്ന കൈകളാണ് നമ്മുടെ ജീവൻ. കർഷകൻ നമ്മുടെ അമ്മയും പിതാവും" എന്നൊരു ചൊല്ലുണ്ടല്ലോ. കൃഷിക്കാരനെ ആദരവോടെ കണ്ടിരുന്ന ഒരു കാലം നമുക്കുണ്ടായിരുന്നു. കാർഷിക വിളവെടുപ്പുകൾ ഉത്സവം പോലെയാണ് നമ്മുടെ നാട്ടിൽ കൊണ്ടാടിയിരുന്നത്. എന്നാൽ ഇന്ന് ആ കാലമൊക്കെ പോയിരിക്കുന്നു. കർഷകൻ അധികാരികളുടെ മുമ്പിൽ അടിയാനെപ്പോലെ തൊഴുതു നിൽക്കേണ്ട ഗതികേടിലായിരിക്കുന്നു. ഉത്പാദനം മുതൽ വിപണനം വരെ സർവ്വ മേഖലകളിലും കർഷകർ സമാനതകളില്ലാത്ത അവഗണന നേരിടുകയാണ്. കർഷകർക്ക് ആശ്രയമായ ഏതുതരം കൃഷിയുമാകട്ടെ, അത് നെല്ലോ, റബ്ബറോ, ഏലമോ, കപ്പയോ എന്തുമാകട്ടെ, കർഷകന്റെ ജീവസന്ധാരണത്തിന് ഉപകരിക്കപ്പെടാത്തവിധം വിലതകർച്ചയെ നേരിടുകയോ വൻകിട കമ്പനികളുടെ ചൂഷണത്തിന് വിധേയമാവുകയോ ചെയ്യുകയാണ്. വിറ്റ നെല്ലിന്റെ വില കിട്ടാതെ ലോണെടുത്ത പണത്തിന് പലിശയടച്ച് കടക്കെണിയിലായിരിക്കുകയാണ് നെൽക്കർഷകർ. 89 കോടി രൂപയുടെ നെല്ല് സപ്ലൈകോ സംഭരിച്ചതിൽ ഇതുവരെ കർഷകർക്ക് കൊടുത്തത് 27 കോടി രൂപ മാത്രമാണ്. സർക്കാരിന്റെ കടുത്ത അവഗണനയിൽ പ്രതിഷേധിച്ച് അപ്പർ കുട്ടനാട്ടിലെ നെൽക്കർഷകർ 1300ഓളം ഏക്കർ പാടത്ത് അടുത്ത വിത വേണ്ടെന്ന സങ്കടകരമായ തീരുമാനത്തിലെത്തിയിരിക്കുകയാണ്. പ്രകൃതിക്ഷോഭത്തിലൂടെ കൃഷിനാശം സംഭവിച്ച പല കർഷകരും നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകിയിട്ട് വർഷങ്ങളായി കാത്തിരിക്കുകയാണ്. ഇൻഷുറൻസിന്റെയും മറ്റും പേരുപറഞ്ഞ് മുതിർന്ന പൗരന്മാരെപ്പോലും അവഗണിക്കുകയാണ്. ഇതിന്റെ കൂടെ കർഷകന്റെ സ്വപ്നങ്ങളുടെ മേൽ കരിനിഴൽ വീഴ്ത്തിക്കൊണ്ട് ഉത്പാദനച്ചിലവും ഉയർന്നിരിക്കുന്നു. 50 രൂപ മുതൽ 250 രൂപ വരെയാണ് ഈ വർഷം രാസവളങ്ങൾക്ക് വില കൂട്ടിയത്. രണ്ടു വർഷത്തിനിടയിൽ കേന്ദ്രസർക്കാർ വളം സബ്സിഡിയിൽ വെട്ടിക്കുറച്ചത് 84,000 കോടി രൂപയാണ്. റബർ കർഷകരുടെ കാര്യവും ദയനീയമാണ്. 250 രൂപ നൽകുമെന്ന് പ്രകടനപത്രികയിൽ പറഞ്ഞവർക്ക് ഒന്നും ചെയ്യാനാകുന്നില്ല. കഴിഞ്ഞ വർഷം കോട്ടയം, ഇടുക്കി ജില്ലകളിലായി 220 കോടിയുടെ കൃഷി നാശമാണുണ്ടായത്.

ഒന്നിനും പരിഹാരമുണ്ടാകുന്നില്ല. കർഷകന്റെ രോദനങ്ങൾക്ക് ചെവി കൊടുക്കാൻ തയ്യാറാകാതെ സർക്കാർ സംവിധാനങ്ങൾ കർഷകനെ ദരിദ്രനും നിസ്സഹായനുമാക്കിയിരിക്കുന്നു. കർഷകന്റെ മക്കളുടെ വിവാഹം പോലും നടക്കാതെ പോകുന്നു. മാധ്യമങ്ങൾ പോലും കർഷകന്റെ പക്ഷം നിൽക്കാൻ മടിക്കുകയാണ്.

**വന്യജീവി ആക്രമണവും തെരുവുനായ ശല്യവും**

ഇതിനെല്ലാം പുറമേയാണ് മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിലേക്ക് കടന്നു കയറി വന്യജീവികൾ നടത്തുന്ന ഭീകരാക്രമണം. 2024 മുതൽ 2025 കഴിഞ്ഞ മാസം വരെ എൺപത്തഞ്ചോളം മനുഷ്യജീവനുകളാണ് വന്യമൃഗ ആക്രമണങ്ങളിൽ നഷ്ടപ്പെട്ടത് എന്നത് മനുഷ്യപ്പറ്റുള്ള ഏതൊരു സർക്കാരിന്റെയും ഉറക്കം കെടുത്തുന്ന ഭീകരമായ കണക്കാണ്. എന്നാൽ ഇന്ന് മനുഷ്യ ദുരിതങ്ങളുടെ മേൽ വീണ മീട്ടി രസിക്കുന്ന വകുപ്പായി വനം വകുപ്പ് മാറിക്കഴിഞ്ഞു. അവർക്ക് നിയമാനുസൃത ഭൂമിയിൽ സ്ഥാപിക്കപ്പെട്ട കുരിശുകൾ പൊളിച്ചുമാറ്റി വിശ്വാസത്തെ ആക്ഷേപിക്കാൻ തിടുക്കമാണ്. എന്നാൽ ആനയിൽ നിന്നും പുലിയിൽ നിന്നുമൊക്കെ മനുഷ്യനെ രക്ഷിക്കാൻ യാതൊരു തിടുക്കവുമില്ല. സംസ്ഥാന ചരിത്രം കണ്ടതിൽ വച്ച് ഏറ്റവും കഴിവുകെട്ട വകുപ്പായി വനംവകുപ്പ് മാറിക്കഴിഞ്ഞു. 2022-25 കാലഘട്ടത്തിൽ പാലക്കാടും വയനാടുമൊക്കെയായി ഏഴായിരത്തിൽപ്പരം കേസുകളാണ് വന്യമൃഗ ആക്രമണവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തത് എന്നറിയുമ്പോൾ എത്രമാത്രം ഭീകരമാണ് അതെന്ന് ചിന്തിച്ചു നോക്കൂ. മനുഷ്യവിരുദ്ധമായ എല്ലാ നിയമങ്ങളെയും പൊളിച്ചെഴുതാനുള്ള ആർജ്ജവത്വം ജനപ്രതിനിധികൾ കാണിക്കണം. പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞൻ മാധവ് ഗാഡ്ഗിൽ പറഞ്ഞതുപോലെ അക്രമകാരികളായ മൃഗങ്ങളെ കൊന്നു നിയന്ത്രിക്കണം. അതിനുള്ള നിയമം പാസാക്കാൻ രാഷ്ട്രീയ ഭേദമന്യേ ജനപ്രതിനിധികൾ ഒന്നിക്കണം. മനുഷ്യ വിരുദ്ധമായ എല്ലാ മൃഗസ്നേഹ വാഴ്ത്തലുകളെയും നാം സംഘടിതമായി ചെറുത്തു തോൽപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. പരിഷ്കൃത രാജ്യങ്ങളിൽ നിയതമായ എണ്ണത്തിൽ കൂടുതലായാൽ ദേശീയ മൃഗമാണെങ്കിലും അതിന്റെ ഇറച്ചി ചന്തയിൽ വാങ്ങാൻ കിട്ടുമെന്ന് ഓർക്കണം. മനുഷ്യന്റെ ആവാസ വ്യവസ്ഥിതിയിൽ അതിക്രമിച്ചു കയറുന്ന വന്യ

മൃഗങ്ങളെ വെടിവെച്ചു കൊല്ലാനുള്ള അധികാരം മലയോര മേഖലകളിലെ കർഷക കൂട്ടായ്മകൾക്ക് നൽകണമെന്ന് കർഷകർക്ക് വേണ്ടി കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ സർക്കാരിനോട് ആവശ്യപ്പെടുന്നു.

തെരുവ് നായ്ക്കൾ കടിച്ചു കൊന്നിട്ട താറാവുകളെയോർത്ത് വിലപിക്കുന്ന താറാവ് കർഷകരുടെ വിലാപം നാം കേട്ടു. കേരളം ഇന്ന് നായ്ക്കളുടെ സ്വന്തം നാടായി മാറിക്കഴിഞ്ഞിരിക്കുന്നു. ഓരോ 10 കിലോമീറ്ററിലും 10 തെരുവുനായ്ക്കളെയെങ്കിലും കാണാവുന്ന ദുർഗതിയിലായിരിക്കുന്നു. നമ്മുടെ നാട്ടിൽ കഴിഞ്ഞ 6 മാസത്തിനുള്ളിൽ ഒന്നരലക്ഷം പേരെയാണ് തെരുവുനായ്ക്കൾ കടിച്ചത് എന്ന വസ്തുത എത്ര ഭീകരമാണ്! മലപ്പുറത്തും തിരൂരങ്ങാടിയിലും പത്തനാപുരം വിളക്കുടിയിലും വാക്സിൻ എടുത്തിട്ടും മരിച്ചു പോയ ഈ നാടിന്റെ കുഞ്ഞുങ്ങളെ കണ്ണീരണിയാതെ നമുക്ക് ഓർമ്മിക്കാൻ ആവുമോ? വെറ്റിനറി ഡോക്ടർമാരുടെ പ്രൊഫഷണൽ സംഘടനയായ ഇന്ത്യൻ വെറ്റിനറി അസോസിയേഷൻ, കേരള നായ്ക്കളുടെ വന്ധ്യംകരണം കൊണ്ട് അടുത്തകാലത്തൊന്നും അവയെ നിയന്ത്രിക്കാനാവില്ല എന്നും അവയെ നശിപ്പിക്കുക മാത്രമേ വഴിയുള്ളു എന്നും പറഞ്ഞിട്ടും എന്ത് ഫലപ്രദമായ നടപടിയാണ് സർക്കാരിനെടുക്കാൻ കഴിഞ്ഞത്? ഇത്ര മാത്രം ജനങ്ങളെ ബാധിച്ച ഒരു വിഷയത്തിൽ കുഞ്ഞുങ്ങൾപോലും മൃതിയടഞ്ഞിട്ടും സ്വമേധയാ കേസെടുക്കാൻ പറ്റുന്ന ഒരു ജഡ്ജി പോലും നമ്മുടെ ഹൈക്കോടതിയിൽ ഇല്ലാതെ പോയല്ലോ എന്നോർത്ത് നാം സങ്കടപ്പെടുന്നു.

**സത്വര നടപടികൾ ആവശ്യം**

സർക്കാരുകളുടെ സഹായമില്ലാതെ കർഷകന് കൃഷികൊണ്ട് ജീവിക്കാനാവില്ല. കർഷകരോട് ആത്മാർത്ഥത ഉണ്ടെങ്കിൽ അവരുടെ പെൻഷനും കൃഷിനാശം മൂലം ഉണ്ടായ നഷ്ടപരിഹാരങ്ങളും കാലതാമസം കൂടാതെ വിതരണം ചെയ്യണം. മുതിർന്ന കർഷകർക്ക് മുൻഗണന നൽകണം. കർഷകന്റെ ഭൂമിയിൽ കടന്നു കയറുന്ന വനം വകുപ്പിന്റെ നടപടികൾ അവസാനിപ്പിക്കണം. കർഷകർക്കെതിരെ ചാർത്തപ്പെട്ട കേസുകൾ പിൻവലിക്കണം. വന്യജീവി ആക്രമണങ്ങൾ ചെറുക്കാൻ പര്യാപ്തമാകും വിധം പരിഷ്കൃത രാജ്യങ്ങളുടേതിനു സമാനം വനത്തിന് ചുറ്റും കിടങ്ങുകളും ഇലക്ട്രിക് ഫെൻസിങ്ങുകളും ശ

ക്തമായ വേലിക്കെട്ടുകളും നിർമ്മിക്കണം. വിറ്റ ഉൽപന്നങ്ങളുടെ വില രണ്ടാഴ്ചക്കുള്ളിൽ നൽകാൻ നടപടി ഉണ്ടാകണം. സാമൂഹിക ജീവിതത്തിന് ഭീഷണിയാകുന്ന തെരുവ് നായ്ക്കളെ ഉന്മൂലനം ചെയ്യാൻ നടപടികൾ സ്വീകരിക്കണം. എറണാകുളം ജില്ലയിലെ ചെല്ലാനം തീരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ നിലനിൽപ്പിനായുള്ള സമരത്തിനും വേഗത്തിൽ പരിഹാരം ഉണ്ടാകണം. കർഷകരുടെ സങ്കടങ്ങൾ പ്രാധാന്യത്തോടെ അവതരിപ്പിക്കാൻ മാധ്യമങ്ങൾ തയ്യാറാകണം.

**കാർഷിക സംസ്കാരം വീണ്ടെടുക്കാം**

കാർഷിക സംസ്കാരം നമ്മുടെ നാട്ടിൽ നിലനിർത്തിയിരുന്ന നന്മയുടെ ഇന്നലെകളെ ഈ ഓണക്കാലത്ത് നമുക്ക് അനുസ്മരിക്കാം. കൃഷിയുടെ സംസ്കാരം അന്യം നിന്ന് പോകാതിരിക്കാൻ എല്ലാ വീടുകളിലും അടുക്കളത്തോട്ടം ആരംഭിക്കാൻ കെ.സി.ബി.സി. ഇൻഫാം കമ്മീഷൻ ആഹ്വാനം ചെയ്യുന്നു. മാറിയ കാലത്ത് നമുക്ക് കൈമോശം വന്നുപോയ കുടുംബകൃഷിയുടെ സംസ്കാരം നാം വീണ്ടെടുക്കണം. നമ്മുടെ യുവതലമുറയുടെ മൂല്യബോധം നിർണ്ണയിക്കുന്നതിൽ കൃഷിക്ക് വലിയ പങ്കുണ്ടെന്ന് മറക്കാതിരിക്കാം. ഒഴിവു സമയങ്ങളിൽ ഡോക്ടറും എഞ്ചിനീയറും അധ്യാപകനും ഒക്കെ കൃഷിക്കാരൻ ആകണം. നാം സ്വന്തമായി ഉദ്പാദിപ്പിച്ച ഭക്ഷ്യ വിഭവങ്ങൾ കൂട്ടി ആഴ്ചയിൽ ഒരിക്കലെങ്കിലും ആഹാരം കഴിക്കാൻ കഴിഞ്ഞാൽ ഈ കാലത്ത് അത് വലിയ ഭാഗ്യം തന്നെയാകും. കർഷകന്റെ ശബ്ദമായ ഇൻഫാമിന് നിങ്ങൾ ഏവരുടെയും ശക്തമായ പിന്തുണയും സഹായവും ഉണ്ടാകണമെന്ന അഭ്യർത്ഥനയോടെ,

മിശിഹായിൽ സ്നേഹപൂർവ്വം

കെ.സി.ബി.സി. ഇൻഫാം സമിതിക്കുവേണ്ടി

**ബിഷപ്പ് റെമേജിയൂസ് ഇഞ്ചനാനിയിൽ**
ഇൻഫാം ദേശീയ രക്ഷാധികാരി

---

NB: 2025 ആഗസ്റ്റ് 15-ാം തീയതി ഈ സർക്കുലർ കേരള കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

No: 4123/K-5/KCBC/OL/DS 21.07.2025

# ജസ്റ്റിസ് സൺഡേ (നീതിഞായർ) 2025 ആഗസ്റ്റ് 17
# കെ.സി.ബി.സി. എസ്.സി./എസ്.റ്റി./ബി.സി. കമ്മീഷൻ
# പുറപ്പെടുവിക്കുന്ന സർക്കുലർ

**ക്രിസ്തുവിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, പ്രിയ സിസ്റ്റേഴ്സ്, സഹോദരി സഹോദരന്മാരേ,**

ഭാരതം സ്വതന്ത്രയായിട്ട് 78 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യം ആയ നമ്മുടെ ഭാരതത്തിൽ ജാതിയുടെയും മതത്തിന്റെയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദലിത് ക്രൈസ്തവരുടെ അവസ്ഥ മുൻകാലങ്ങളേക്കാൾ വളരെ ദയനീയമാണ് ഇന്ന്.

ജാതിയുടെയോ മതത്തിന്റെയോ പേരിൽ ഒരു പൗരന്റെയും അവകാശങ്ങൾ നിഷേധിക്കാൻ പാടില്ല എന്ന് ഭരണഘടന ആർട്ടിക്കിൾ 25 വ്യക്തമാക്കുമ്പോൾ കഴിഞ്ഞ 75 വർഷമായി സ്വന്തം രാജ്യത്ത് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെട്ട് കഴിയുന്നവരാണ് നമ്മുടെ സഹോദരന്മാരായ ദലിത് ക്രൈസ്തവർ.

ക്രിസ്തുമതം സ്വീകരിച്ചു എന്ന ഒറ്റ കാരണത്താലാണ് പട്ടികജാതി സംവരണം ഇവർക്ക് നിഷേധിക്കപ്പെട്ടത്.1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡന്റ് ഇറക്കിയ പ്രത്യേക ഉത്തരവിന്റെ മൂന്നാം ഖണ്ഡികയിലാണ് ഈ അവകാശനിഷേധം. ഹിന്ദുമതവിശ്വാസികളായ ദലിതർക്കു മാത്രമായി പട്ടികജാതി സംവരണം പരിമിതപ്പെടുത്തി. എന്നാൽ 1956-ൽ സിക്ക് ദളിതരെയും, 1990-ൽ ബുദ്ധമത ദലിതരെയും ഈ പട്ടികയിൽ കൂട്ടിച്ചേർത്തു. തുടർന്നുള്ള കാലഘട്ടത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പിന്നാക്ക വിഭാഗങ്ങളെ കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മീഷനുകൾ എല്ലാം ക്രിസ്തുമതം സ്വീകരിച്ച ദളിതരും പിന്നാക്കമാണ് എന്നും, അവരെയും പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഈ ആവശ്യം അധികാരികൾ അംഗീകരിച്ചു തന്നിട്ടില്ല. ഇതിലൂടെ ഭരണ

പങ്കാളിത്തവും, ഉദ്യോഗ-വിദ്യാഭ്യാസ പ്രവേശനവും, വിദ്യാഭ്യാസ ആനുകൂല്യവും, നിയമനങ്ങളും ദളിത് ക്രൈസ്തവർക്ക് ലഭിക്കുന്നില്ല.

ഈ അനീതിക്കെതിരെയാണ് 1986-ൽ ഗോവയിൽ കൂടിയ ഭാരത കത്തോലിക്കാ മെത്രാൻ സമിതി [CBCI] ആഗസ്റ്റ് 15 കഴിഞ്ഞ് വരുന്ന ഞായറാഴ്ച നീതി ഞായർ (ജസ്റ്റിസ് സൺഡേ) ആയി ആചരിക്കുവാൻ ആഹ്വാനം ചെയ്തത്.

ഭാരതത്തിലെ കത്തോലിക്കസഭയിൽ ഏകദേശം രണ്ട് കോടിയിൽപരം വിശ്വാസികളിൽ ഭൂരിപക്ഷവും ദലിത് വിഭാഗത്തിൽ നിന്നും കത്തോലിക്ക വിശ്വാസം സ്വീകരിച്ചവരാണ്. ഇവർ അനുഭവിക്കുന്ന ഈ നീതിനിഷേധം ക്രൈസ്തവ വിശ്വാസം സ്വീകരിച്ചതുകൊണ്ടുമാത്രമാണ്. ഇവരുടെ ന്യായമായ അവകാശങ്ങൾ നേടിയെടുക്കുവാനും അവരോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുവാനുമാണ് നീതി ഞായർ ആചരിക്കുന്നത്. നമ്മളോടൊപ്പം ആയിരിക്കുന്ന ഈ സഹോദരരെ കൈപിടിച്ചുയർത്തേണ്ടതും വളർത്തേണ്ടതും നമ്മുടെ കടമയും കർത്തവ്യവുമാണ്. സ്വന്തമായി കിടപ്പാടം ഇല്ലാത്തവരും, വാടകവീടുകളിൽ കഴിയുന്നവരും ഈ സമൂഹത്തിൽ നിരവധിയാണ്. ഒരു വീട്ടിൽത്തന്നെ കൂട്ടുകുടുംബമായി കഴിയുന്നവരുമുണ്ട്. അതുപോലെ തന്നെ സ്ഥിരമായ തൊഴിലുകൾ ഇല്ലാത്തവരും ധാരാളമുണ്ട്.

കേന്ദ്രസർക്കാർ പട്ടികജാതി സംവരണം ദലിത് ക്രൈസ്തവർക്ക് നിഷേധിക്കുമ്പോൾ സംസ്ഥാന സർക്കാരുകളും വിവിധ ഉത്തരവുകളിലൂടെ അവരെ പീഡിപ്പിച്ചുകൊണ്ടിരിക്കുന്നു. 1959 മുതൽ കേരളത്തിൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഒന്നൊന്നായി നിഷേധിച്ചുകൊണ്ടിരിക്കുന്നു. മാനേജ്മെന്റ് ക്വാട്ടയിലും കമ്മ്യൂണിറ്റി ക്വാട്ടയിലും ദലിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചാൽ ലംസം ഗ്രാന്റ് ലഭിക്കുകയില്ല. സംസ്ഥാന സർക്കാരിൽ നിന്നും 1% സംവരണമാണ് വിദ്യാഭ്യാസത്തിന് ദലിത് ക്രൈസ്തവിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. സാങ്കേതികവിദ്യാഭ്യാസത്തിന് അവർക്ക് ലഭിക്കുന്ന സംവരണം ½% മാത്രമാണ്.

കേരള പബ്ലിക് സർവീസ് കമ്മീഷൻ (PSC) മുഖേന നടത്തുന്ന തൊഴിലവസരങ്ങളിൽ ക്ലാസ്സ് Iൽ ഒരു ശതമാനവും ക്ലാസ്സ് IVൽ രണ്ട് ശതമാനവും ആണ് ലഭിക്കുന്നത്. ഇങ്ങനെ ലഭിക്കുന്ന നാമമാത്രമായ

തൊഴിലവസരങ്ങൾ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് അനുസരിച്ച് ക്ലാസ്സ് IVൽ 2290 ഒഴിവുകളും ക്ലാസ്സ് Iൽ 872 ഒഴിവുകളും നികത്തപ്പെടുവാനുണ്ട് എന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. എന്നാൽ ഈ തസ്തികകളിലേയ്ക്കുള്ള ഒഴിവുകൾ ഫലപ്രദമായി ലഭിക്കുന്നില്ല. സഭാനവീകരണത്തിന്റെ ഭാഗമായി ഈ സമൂഹത്തെ ഉയർത്തുവാൻ കിടപ്പാടം ഇല്ലാത്തവർക്ക് കിടപ്പാടവും, കൂട്ടുകുടുംബമായി താമസിക്കുന്ന ഭവനങ്ങളിലെ അംഗങ്ങൾക്ക് പ്രത്യേക ഭവനവും, തൊഴിൽ ഒഴിവുകൾ വരുമ്പോൾ സഭാസ്ഥാപനങ്ങളിൽ അവർക്ക് പ്രത്യേകമായ പരിഗണനയും നൽകി അവരെ ഉദ്ധരിക്കുവാൻ സഭ പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണ്.

മതം മാറിയതുകൊണ്ടു മാത്രം ഒരു വ്യക്തിയുടെയോ സമുദായത്തിന്റേയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദലിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽനിന്നു വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദലിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദലിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാണ് ഏൽക്കേണ്ടിവരുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. ഈ സാഹചര്യങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നു. ഇത് പരിഹരിക്കപ്പെടുവാൻ പരിശ്രമം ആവശ്യവുമാണ്.

ദലിത് ക്രൈസ്തവരോടുള്ള ഗവൺമെന്റിന്റെ അനീതിപരമായ നടപടികൾക്കെതിരേ ശക്തമായി പ്രതികരിക്കാൻ ക്രൈസ്തവസഭാസമൂഹം മുഴുവനും മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാര പങ്കാളിത്വത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്നതിനെതിരേ പ്രതികരിക്കുവാൻ ദളിത് ക്രൈസ്തവരെ ഇന്ത്യൻ പ്രസിഡന്റിന്റെ പ്രത്യേക ഉത്തരവിലൂടെ പട്ടിക ജാതി ലിസ്റ്റിൽ നിന്നും പുറത്താക്കിയ 'ആഗസ്റ്റ് 10' പ്രതിഷേധദിനമായും CBCIയുടെ ആഹ്വാന പ്രകാരം ആഗസ്റ്റ് 17 ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യ ദിനമായും) ആചരിക്കാം.

കേരള കത്തോലിക്കാ സഭയുടെ ദലിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത് ദലിത് കത്തോലിക്ക മഹാജന

സഭ (DCMS) വഴിയാണ്. ഈ സംഘടനയുടെ പ്രവർത്തനം എല്ലാ രൂപതയിലും കാര്യക്ഷമമായി നടത്തുന്നതിന് ഏവരുടെയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. സംഘടനയുടെ സപ്തതി വർഷം ഇപ്പോൾ (1955–2025) ആഘോഷിക്കുകയാണ്. **2024–2025 അദ്ധ്യയന വർഷം** എസ്എസ്എൽസി (80%), പ്ലസ്ടു (70%), ഡിഗ്രി, പിജി (60%) തുടങ്ങിയ പരീക്ഷകളിൽ പ്രശസ്തമായ വിജയം കൈവരിച്ചവർക്കുള്ള ക്യാഷ് അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. **അപേക്ഷകൾ ആഗസ്റ്റ് 30ന് മുൻപ് സെക്രട്ടറി, കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷൻ, പി.ഒ.സി., പാലാരിവട്ടം, കൊച്ചി 682 028** എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്. കെ.സി. ബി.സി, എസ്.സി/എസ്.റ്റി/ബി.സി. കമ്മീഷന്റെ നേതൃത്വത്തിൽ ഈ സമൂഹത്തിന്റെ ഉന്നമനത്തിനായി നിരവധി പ്രവർത്തനങ്ങൾ നട ത്തിവരുന്നു.

ദലിത് കത്തോലിക്കാ സമൂഹത്തിന്റെ വളർച്ചയ്ക്കുള്ള പ്രവർത്ത നങ്ങൾക്കുവേണ്ടി ജസ്റ്റിസ് സൺഡേയോടനുബന്ധിച്ച് ഇടവക തല ത്തിൽ നടത്താറുള്ള സ്തോത്രക്കാഴ്ച പ്രയോജനപ്പെടുത്തുന്നതാണ്. ഈ തുക രൂപതാ കേന്ദ്രങ്ങൾ വഴി സെപ്റ്റംബർ 30നു കെ.സി.ബി.സി, എസ്.സി/എസ്.റ്റി/ ബി.സി. കമ്മീഷന് അയച്ചുതരേണ്ടതാണ്. ജസ്റ്റിസ് സൺഡേദിനത്തിൽ ഇടവക/രൂപത തലത്തിൽ വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് ചർച്ചാ ക്ലാസ്സുകളും സമ്മേളനങ്ങളും നടത്തി ജസ്റ്റീസ് സൺഡേ (ഐക്യദാർഢ്യം) ആചരണം അർത്ഥവത്താക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ, KCBC SC/ST/BC COMMISSION)

**റൈറ്റ് റവ. ഡോ. വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ, KCBC SC/ST/BC COMMISSION)

**മാർ സെബാസ്റ്റ്യൻ വാണിയപ്പുരക്കൽ**
(വൈസ് ചെയർമാൻ, KCBC SC/ ST/ BC COMMISSION)

---

NB: 2025 ആഗസ്റ്റ് 17-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാ ലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായി ക്കുമല്ലോ.

# 2025 ജൂബിലി വർഷ കർമ്മപദ്ധതി

ഈശോയിൽ പ്രിയരേ,

ജൂബിലി വർഷ കർമ്മ പദ്ധതികളോടനുബന്ധിച്ച് ഓഗസ്റ്റ് മാസത്തിൽ തടവറയിൽ കഴിയുന്നവരെയാണ് നാം അനുഭാവപൂർവം പരിഗണിക്കേണ്ടത്. ഇതിനോടനുബന്ധിച്ച് നടപ്പിലാക്കാവുന്ന ഏതാനും കർമ്മ പരിപാടികൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

- മിഷൻ ലീഗ് മേഖല സമതികളുടെ നേതൃത്വത്തിൽ ജയിലുകളിൽ സന്ദർശനം നടത്തി ജയിൽ നിവാസികൾക്കുവേണ്ടി പ്രാർഥിക്കുകയും അവരോട് സംസാരിക്കുകയും ചെയ്യുക.
- തടവിൽ കഴിയുന്നവരുടെ കുടുംബങ്ങൾ നമ്മുടെ ഇടവകകളിൽ ഉണ്ടെങ്കിൽ അവർക്ക് പ്രത്യേകമായ സ്നേഹവും കരുതലും നൽകുക.
- കെ സി വൈ എം ന്റെ നേതൃത്വത്തിൽ ഡി അഡിക്ഷൻ സെന്ററുകളിൽ താമസിക്കുന്നവരെ സന്ദർശിക്കുകയും അവർക്കായി വിവിധ പ്രോഗ്രാമുകൾ അവതരിപ്പിക്കുകയും ചെയ്യുക.
- വയോജനങ്ങൾക്കായി തീർത്ഥാടനങ്ങളും ഉല്ലാസയാത്രകളും സംഘടിപ്പിക്കുക.
- സൺഡേ സ്കൂൾ അധ്യാപകരുടെ നേതൃത്വത്തിൽ, കുറ്റകൃത്യങ്ങൾക്കും ലഹരിക്കും അടിമകളായ കുട്ടികളുടെ ഭവനങ്ങൾ സന്ദർശിച്ച് സാന്ത്വനവും ബോധവൽക്കരണവും നൽകുക.
- യുവജന പങ്കാളിത്തത്തോടെ ലഹരി വിരുദ്ധ ഫ്ളാഷ് മോബുകൾ കവലകളിലും പട്ടണങ്ങളിലും നടത്തുക.

## രൂപതക്കച്ചേരി

### C. *65/2025* വാർഷിക ധ്യാനം

2025 ജൂലൈ 20 മുതൽ 25 വരെയും 27 മുതൽ ആഗസ്റ്റ് 1 വരെയും നടന്ന വാർഷിക ധ്യാനത്തിൽ സംബന്ധിച്ച എല്ലാ വൈദികർക്കും ധ്യാനചിന്തകൾ പങ്കുവച്ച അഭിവന്ദ്യ വിൻസെന്റ് മാർ പൗലോസ് പിതാവിനും ധ്യാനത്തിനു വേണ്ട സൗകര്യങ്ങൾ ക്രമീകരിക്കുന്നതിന് അത്യദ്ധ്വാനം ചെയ്ത NESTT-ലെ ബഹു. അച്ചന്മാർക്കും ബ്രദേഴ്സിനും സഹോദരങ്ങൾക്കും നന്ദി.

*Bishop*

### C. *66/2025* മരിയൻ തീർത്ഥാടനം

ജൂബിലി വർഷത്തോടനുബന്ധിച്ചും സെപ്റ്റംബർ മാസത്തിലെ മാതാവിന്റെ ജനനത്തിരുനാളിനൊരുക്കമായും രൂപതാതലത്തിലുള്ള മരിയൻ തീർത്ഥാടനം ആഗസ്റ്റ് 30-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.00 മണിക്ക് രണ്ട് കേന്ദ്രങ്ങളിൽനിന്ന് ആരംഭിക്കുന്നു. മൈലക്കൊമ്പിൽ നിന്നും കല്ലൂർക്കാട് നിന്നും ആരംഭിച്ച് പദയാത്രയായി 4.30-ന് നാകപ്പുഴ പള്ളിയിൽ എത്തിച്ചേരുന്നു. അതേത്തുടർന്ന് പരിശുദ്ധ മനോഗുണമാതാവിന്റെ നൊവേനയോടും വി. കുർബാനയർപ്പണത്തോടുംകൂടി തീർത്ഥാടനം സമാപിക്കുന്നതുമാണ്. തുടർന്ന് നേർച്ച വിതരണവും ഉണ്ടാകും. എല്ലാ ഇടവകകളിൽനിന്നും സാധിക്കുന്നത്ര ആളുകളെ ഈ തീർത്ഥാടനത്തിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Bishop*

### C. *67/2025* കുർബാനക്കണക്കും കുമ്പസാരപത്തേന്തിയും

പരിശോധനയ്ക്കായി കുർബാനക്കണക്കും പുതുക്കുന്നതിനായി കുമ്പസാരപത്തേന്തിയും ഏൽപ്പിച്ചിട്ടില്ലാത്ത വൈദികർ എത്രയും വേഗം അത് രൂപതാകേന്ദ്രത്തിൽ എത്തിക്കുമല്ലോ.

*Syncellus*

### C. *68/2025* തിരട്ട് ഫീസ്

2025-26 സാമ്പത്തിക വർഷത്തെ തിരട്ട് ഫീസ് 3 ഗഡുക്കളായി

സ്വീകരിക്കുന്നതിനെ കുറിച്ച് മുൻകൂട്ടി അറിയിച്ചിരുന്നല്ലോ അതിൻപ്രകാരം ആഗസ്റ്റ് 15-ന് മുൻപായി ആദ്യ ഗഡു രൂപത ഓഫീസിൽ എത്തിക്കേണ്ടതാണ്.

*Syncellus*

C. *69/2025* **Wine Bottles**

പള്ളികളിൽ കാലിയാകുന്ന വീഞ്ഞ് കുപ്പികൾ ശേഖരിച്ച് അരമനയിൽ എത്തിക്കുന്ന കാര്യം ഒരിക്കൽ കൂടി ഓർമിപ്പിക്കുന്നു.

*Finance Officer*

*Pr. C. 4/2025* **Presbyteral Council**

An ordinary meeting of the Presbyteral Council will be held on Tuesday, Septmber 16, 2025 from 10.00 am at the Bishop's house. The members are cordially invited.

*Secretary*

# Jeevajyoti Mission Utkela, Odisha

*OM 16 /2025* **മിഷൻ വാർത്ത**

ഉത്കല മിഷനിലെ ജീവാഭവനിൽ ദുക്റാന തിരുനാളിനോടനുബന്ധിച്ച് ഒഡീഷയിലെ മിഷനറിമാരായ എല്ലാ വൈദികരും സിസ്റ്റേഴ്സും ബ്രദേഴ്സും ഒരുമിച്ച് റാസ കുർബാനയും സമ്മേളനവും നടത്തി. രൂപതയെ പ്രതിനിധീകരിച്ച് വികാരി ജനറാൾ ബഹു. വിൻസന്റ് നെടുങ്ങാട്ടച്ചനും പങ്കെടുത്തു.

*OM 17 /2025* **മിഷനറിമാർക്ക് സ്വാഗതം**

ഒറീസയിലെ Jeevajyothi Utkala Mission ലെ മിഷൻ പ്രവർത്തനത്തിനായി നമ്മുടെ രൂപതയിൽ ഈ വർഷം വൈദിക വസ്ത്രം സ്വീകരിച്ച ജോസഫ് കിഴക്കേക്കുറ്റ്, സൈമൺ പീറ്റർ മാപ്പിളകുന്നേൽ, സ്കറിയ കുറ്റിയാനിമറ്റത്തിൽ, ഫ്രാൻസിസ് ഈഴപ്പറമ്പിൽ, തോമസ് കുറുമാതോട്ടത്തിൽ, ജോസഫ് മാപ്പിളമാട്ടേൽ, ജോസ് മുല്ലശ്ശേരി, ജോർജ് പുന്നക്കപ്പടവിൽ എന്നിവർ ജൂലൈ മാസത്തിൽ അവിടെ എത്തിച്ചേർന്നു. അവരുടെ പുതിയ ദൗത്യത്തിന് എല്ലാ മംഗളങ്ങളും നേരുന്നു.

**OM 18/2025 മിഷന് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| Fr. Joseph Mulanjanany | ₹ | 10000 |
| Msgr. Vincent Nedungatt | ₹ | 300000 |
| St. Ritha's Church, Kaliyar | ₹ | 10000 |
| Cathrine George Namattathil, Karakunnam | ₹ | 10000 |
| Dr. Jacob Abraham, Thodupuzha | ₹ | 1,00,000 |

# മൈനർ സെമിനാരി

**MS 13 /2025 സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | Mr. George Jospeh Mannamthuruthiyil | ₹ | 1000 |
| 2 | Mrs. Lissy K George Kallarackal | ₹ | 1000 |
| 3 | Mr. Sebastian Joseph Ousepparambil | ₹ | 1000 |
| 4 | Mrs. Dona Anoop Vattakkuzhiyil | ₹ | 12000 |
| 5 | Mr. Francis Thomas Pichappillil | ₹ | 3000 |
| 6 | Fr Joseph Mulanjanany | ₹ | 8000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

## V. 77/2025 IGNITE

കാലത്തിന്റെ പ്രത്യേകതകളും വെല്ലുവിളികളും തിരിച്ചറിഞ്ഞ് ക്രിയാത്മകമായും സർഗ്ഗാത്മകമായും ചിന്തിച്ച് വളരാൻ ഒമ്പതാം ക്ലാസ്സിൽ വിശ്വാസപരിശീലനം നടത്തുന്ന കുട്ടികൾക്കായി ഒരുക്കുന്ന പരിശീലന പരിപാടി 'IGNITE' തയ്യാറായിരിക്കുന്നു. ഇതിലേക്ക് ഓരോ ഇടവകയിലും നിന്ന് 9-ാം ക്ലാസ്സിലെ 2 ആൺകുട്ടികളേയും 2 പെൺകുട്ടികളേയുമാണ് തെരഞ്ഞെടുത്ത് അയയ്ക്കേണ്ടത്.

| | | |
|---|---|---|
| Date | : | August 9, 10 |
| Venue | : | NESTT |
| Registration Fee | : | 500 |

**V.78/2025 വിശ്വാസപരിശീലനത്തിന് കുട്ടികളുടെ സംഭാവന**

ഈ വർഷം കുട്ടികളിൽ നിന്നും സ്വീകരിക്കേണ്ടതായ സംഭാ

വന 20 രൂപയാണ്. ഈ തുക വിജ്ഞാനഭവൻ ഓഫീസിൽ ഓഗസ്റ്റ് 10-ന് മുമ്പ് എത്തിക്കണമെന്ന കാര്യം സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. വിജ്ഞാനഭവന്റെ വിജയകരമായ പ്രവർത്തനത്തിന് ഇത് വലിയ സഹായമായിരിക്കും.

*V.79/2025* **PTA**

വിശ്വാസപരിശീലനം ശക്തിപ്പെടുത്തുന്നതിനായുള്ള പി.റ്റി.എ. കമ്മിറ്റി ലിസ്റ്റ് സൈറ്റിൽ എന്റർ ചെയ്യാത്തവർ ആഗസ്റ്റ് 10-ന് മുമ്പ് ചെയ്യേണ്ടതാണ്.

*V. 80/2025* **പ്രൈവറ്റ് രജിസ്ട്രേഷൻ**

XI, XII ക്ലാസ്സുകളിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തിയവർ മൂവാറ്റുപുഴ നെസ്റ്റിൽ സ്റ്റേ ചെയ്ത് സെപ്റ്റംബർ 12, 13 തീയതികളിലായി നടക്കുന്ന കോൺടാക്റ്റ് ക്ലാസ്സിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്ന കാര്യം ബഹു. ഹെഡ്മാസ്റ്റർമാർ കുട്ടികളെ മുൻകൂട്ടി അറിയിക്കുമല്ലോ.

**കോൺടാക്റ്റ് ക്ലാസ്സ് 1-ാം സെമസ്റ്റർ**

XI-XII - 2025 സെപ്റ്റംബർ 12 വെള്ളി 5 pm മുതൽ 13 ശനി 5 pm വരെ.

സ്ഥലം : NESTT മൂവാറ്റുപുഴ

NB: രണ്ട് കോൺടാക്റ്റ് ക്ലാസ്സുകളിലും വരുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് നൽകുകയുള്ളൂ.

കോൺടാക്റ്റ് ക്ലാസ്സിൽ വരുമ്പോൾ വിശുദ്ധ ബൈബിൾ, പാഠപുസ്തകം, ഉപപാഠപുസ്തകം, ചെറിയവേദോപദേശം, നോട്ടുബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.

*V. 81/2025* **സീറോ മലബാർ പ്രതിഭാസംഗമം XII**

XII -ാം ക്ലാസ്സിലെ കുട്ടികൾക്കുവേണ്ടി സീറോമലബാർ കാറ്റക്കെറ്റിക്കൽ സെന്റർ പ്രതിഭാസംഗമം ഒരുക്കുന്നു. റഗുലറായി XII-ാം ക്ലാസ്സിൽ 75% ഹാജരുള്ള മിടുക്കരായ കുട്ടികളെ ഇടവകയിൽ നിന്നും രൂപതാതലത്തിൽ നടക്കുന്ന പ്രതിഭാസംഗമത്തിൽ 4 പേർക്ക് (2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ) പങ്കെടുക്കാൻ അവസരം നൽകുന്നു. രൂപതാതല പ്രതിഭാസംഗമം 2025 സെപ്റ്റംബർ 20, 21 തീയതികളിൽ മൂവാറ്റുപുഴ NESTT-ൽ നടക്കുന്നതാണ്.

Registration Fee : 500

*Director*

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 19/2025* **Catechism/Moral Science ക്ലാസ്സുകൾ**

നമ്മുടെ എല്ലാ സ്കൂളുകളിലും വേദപാഠം/സന്മാർഗ ക്ലാസ്സുകൾ കൃത്യമായും അർഹിക്കുന്ന ഗൗരവത്തോടെയും നടത്തുവാൻ പ്രധാന അദ്ധ്യാപകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*Edn. 20/2025* **അദ്ധ്യാപക സെമിനാർ**

ഈ വർഷത്തെ അദ്ധ്യാപക സെമിനാർ ഓഗസ്റ്റ് മാസം 9-ാം തീയതി ശനിയാഴ്ച നടക്കുന്നതാണ്. വിശദ വിവരങ്ങൾ അറിയിക്കുന്നതാണ്.

*Edn. 21/2025* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 28/06/2025 | SA HSS Kalloorkad | 140027 | |
| 30/06/2025 | SG HS Kalayanthani | 87278 | |
| 04/07/2025 | SG HSS Muthalakodam | 45320 | |
| 05/07/2025 | LF LPS Pallickamury | 3652 | |
| 05/07/2025 | HF LPS Karimannoor | 9372 | |
| 05/07/2025 | LF HS Oonnukal | 56456 | |
| 07/07/2025 | SS UPS Thodupuzha | 31538 | |
| 08/07/2025 | SG HSS Kallanickal | 6108 | |
| 10/07/2025 | SM HSS Kaliyar | 86410 | |
| 12/07/2025 | SG HS Kallanickal | 29694 | |
| 12/07/2025 | SM HS Kodikulam | 21316 | |
| 12/07/2025 | SS HS Karimannoor | 50952 | |
| 12/07/2025 | SJ UPS Perumballichira | 10236 | |
| 14/07/2025 | SJ HSS Karimannoor | 163520 | |
| 19/07/2025 | SM HS Nakapuzha | 13183 | |
| 19/07/2025 | SR LPS Mudakarai | 14020 | |
| 19/07/2025 | FM UPS Malippara | 15178 | |

| | | |
|---|---|---|
| 19/07/2025 | SM HS Arakuzha | 15010 |
| 19/07/2025 | SJ LPS Pannimattam | 13264 |
| 19/07/2025 | SS HS Vazhithala | 9571 |
| 19/07/2025 | SA UPS Nedungapra | 25552 |
| 19/07/2025 | SA HS Kalloorkad | 44062 |
| 23/07/2025 | SM HS Kaliyar | 48484 |
| 25/07/2025 | SA HS Kuninji | 19326 |
| 26/07/2025 | F LPS Karakunnam | 16116 |
| 26/07/2025 | SS LPS Arikuzha | 23638 |

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.29/2025* **അക്കാദമിക് വർഷത്തിന് തുടക്കം**

മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ 2025-26 അക്കാദമിക് വർഷത്തിന് തുടക്കമായി. ജൂലൈ 27 ഉച്ചയ്ക്ക് 02.30-ന് നടന്ന അക്കാദമിക് വർഷ ഉദ്ഘാടന ചടങ്ങിൽ കോതമംഗലം രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹ പ്രഭാഷണം നടത്തി. ഷാഹുൽ ഹമീദ് IPS (District Police Chief of Kottayam) ചടങ്ങ് ഉദ്ഘാടനം ചെയ്തു. മാനേജർ മോൺ. റവ. ഡോ. പയസ് മലേക്കണ്ടത്തിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ചടങ്ങിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണം നടത്തി. മൂവാറ്റുപുഴ നിർമ്മല കോളേജ് പ്രിൻസിപ്പൽ ഫാ. ഫ്രാൻസീസ് കണ്ണാടൻ, കോളേജ് ബർസാർ ഫാ. പോൾ കളത്തൂർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

*NiCSA.30/2025* **കോളേജ് വിദ്യാർത്ഥികൾക്കായുള്ള സ്കോളർഷിപ്പ് പരീക്ഷ**

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ ഡിഗ്രി/പി.ജി പഠിക്കുന്ന വിദ്യാർത്ഥികൾക്കായി സിവിൽ സർവീസ് പരിശീലന കോഴ്സി

ലേക്കുള്ള (ഫൗണ്ടേഷൻ കോഴ്സ്) സ്കോളർഷിപ്പ് പരീക്ഷ ജൂലൈ മാസത്തിൽ നടത്തി. കോളേജ് പഠനത്തോടൊപ്പം തന്നെ സിവിൽ സർവീസ് എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർഥികളെ അടുപ്പിക്കുകയും, കോളേജ് പഠനം പൂർത്തിയാക്കുമ്പോൾ തന്നെ ഒരു ഗവൺമെന്റ് സർവീസ് എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കുകയുമാണ് ഫൗണ്ടേഷൻ കോഴ്സ് ലക്ഷ്യമിടുന്നത്. എല്ലാ ശനി, ഞായർ ദിവസങ്ങളിലും 12. 45 മുതൽ 05.15 വരെയാണ് ക്ലാസ്സുകൾ നടക്കുന്നത്.

*NiCSA.31/2025* **ഫണ്ടമെന്റൽസ് കോഴ്സ്**

സ്കൂൾ വിദ്യാർത്ഥികൾക്കായി സമഗ്ര വ്യക്തിത്വ വികസനവും സിവിൽ സർവീസ് ഓറിയന്റേഷനും ലക്ഷ്യം വച്ചുകൊണ്ടുള്ള സിവിൽ സർവീസ് പരിശീലന ക്ലാസ്സുകൾ ആരംഭിക്കുകയാണ്. സ്കൂൾ പഠനത്തോടൊപ്പം തന്നെ സിവിൽ സർവീസ് എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർഥികളെ അടുപ്പിക്കുക എന്നതാണ് കുട്ടികൾക്കായുള്ള സിവിൽ സർവീസ് കോഴ്സുകൾ ലക്ഷ്യമിടുന്നത്. മാസത്തിലെ എല്ലാ രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും ആണ് ക്ലാസ്സുകൾ നടക്കുന്നത്.

*NiCSA.32/2025* **നിർമ്മല കിഡ്സ്**

5 മുതൽ 7 വരെ ക്ലാസ്സിലെ വിദ്യാർത്ഥികൾക്കായി ഒരുക്കിയിട്ടുള്ള സിവിൽ സർവീസ് കോച്ചിംഗ് പ്രോഗ്രാമാണ് നിർമ്മല കിഡ്സ്. പ്രഗത്ഭരായ അധ്യാപകരുടെ നേതൃത്വത്തിലുള്ള മോട്ടിവേഷൻ ക്ലാസ്സുകൾ, പ്രസംഗ പരിശീലനം, ലീഡർഷിപ്പ് ട്രെയിനിംഗ്, ലൈഫ് സ്കിൽ ഗെയിംസ്, കറണ്ട് അഫയേഴ്സ് ക്ലാസ്സുകൾ, സ്കൂൾ സംബന്ധമായ വിഷയങ്ങൾ (ഇംഗ്ലീഷ്, കണക്ക്, സയൻസ്), റൈറ്റിംഗ് സ്കിൽ എന്നിവയാണ് വിദ്യാർത്ഥികൾക്ക് പങ്കുവയ്ക്കുന്നത്. മാസത്തിലെ എല്ലാ രണ്ടാം ശനിയാഴ്ചകളിലും, പൊതു അവധി ദിവസങ്ങളിലും ആണ് ക്ലാസ്സുകൾ നടക്കുന്നത്.

*NiCSA.33/2025* **സിവിൽ സർവീസ് റെഗുലർ പരിശീലനം**

അക്കാദമിയിൽ ഡിഗ്രി/പി.ജി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി ഒരു വർഷം നീണ്ടുനിൽക്കുന്ന സിവിൽ സർവീസ് റെഗുലർ ബാച്ചിന്റെ ക്ലാസ്സുകൾ ആരംഭിച്ചു.

*Administrator*

# സോഷ്യൽ സർവീസ്

## *SS. 43/2025* മംഗല്യ സമ്മാൻ പദ്ധതി

നിർദ്ധനരായ പെൺകുട്ടികൾക്ക് സ്വർണ്ണ വള വിവാഹസമ്മാനമായി നൽകുന്ന മംഗല്യ സമ്മാൻ പദ്ധതിക്ക് തുടക്കമായി. ഈ പദ്ധതി പ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന കുടുംബത്തിന് ഒരു പവൻ സ്വർണ്ണ വള നൽകും. മാതൃവേദിയുമായി ചേർന്നാണ് ഈ പദ്ധതി നടപ്പിലാക്കുക. പദ്ധതിയുടെ ഉദ്ഘാടനം മൂവാറ്റുപുഴയിൽ വച്ച് മാതൃവേദി രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളത്തിന് നാലു സ്വർണ്ണവളകൾ നൽകിക്കൊണ്ട് KSSS ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ നിർവഹിച്ചു.

## *SS. 44/2025* ബോധവൽക്കരണ ക്ലാസ്സ് നടത്തി

കേരള സോഷ്യൽ സർവീസ് ഫോറവും കാരിത്താസ് ഇന്ത്യയും സംയുക്തമായി ചേർന്ന് കേരളത്തിലെ 32 രൂപതകളിലുമായി നടപ്പിലാക്കുന്ന സജീവം  ലഹരി വിരുദ്ധ ക്യാമ്പെയിന്റെ ഭാഗമായുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റി അസി. ഡയറക്ടർ ഫാ. പൗലോസ് നെടുംതടത്തിൽ ഉദ്ഘാടനം ചെയ്തു.  പ്രശസ്ത മജീഷ്യൻ ജോയിസ് മുക്കുടം മാജിക്കിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തിയത് വിദ്യാർത്ഥികൾക്ക് ഏറെ കൗതുകവും അതിലേറെ അറിവും പകർന്ന് നൽകി. പ്രിൻസിപ്പൽ ജെയിൻ ജോസ്, ഹെഡ്മിസ്ട്രസ്സ് സ്റ്റെല്ലാ മാത്യു, സജീവം രൂപത കോ-ഓഡിനേറ്റർ ജോൺസൺ കറുകപ്പിള്ളിൽ, കെസിബിസി മദ്യവിരുദ്ധ സമിതി മധ്യമേഖല പ്രസിഡന്റ് ജെയിംസ് കോറമ്പേൽ, ജോസ് പോൾ എന്നിവർ പ്രസംഗിച്ചു. പ്രോഗ്രാമിൽ വിദ്യാർത്ഥികൾ ലഹരി വിരുദ്ധ പ്രതിജ്ഞയുമെടുത്തു.

## *SS. 45/2025* മാജിക്കിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തി

കോതമംഗലം രൂപത മദ്യവിരുദ്ധ സമിതിയും കേരള മദ്യവിരുദ്ധ ഏകോപന സമിതിയും കോതമംഗലം സോഷ്യൽ സർവീസ്

സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സജീവം ലഹരി വിരുദ്ധ പ്രോജക്ടും ഗ്രീൻ വിഷൻ കേരളയും സംയുക്തമായി ചേലാട് ജംഗ്ഷനിൽ ലഹരി വിരുദ്ധ സംഗമം നടത്തി. വേട്ടാമ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവകവികാരി ഫാ. ജോഷി നിരപ്പേൽ സംഗമം ഉദ്ഘാടനം ചെയ്തു. കെ സി ബി സി മദ്യവിരുദ്ധ സമിതി മധ്യമേഖല പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അധ്യക്ഷത വഹിച്ചു. കോതമംഗലം രൂപത സജീവം പ്രോജക്ട് കോ-ഓഡിനേറ്റർ ജോൺസൻ കറുകപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. മദ്യനിരോധന ഏകോപന സമിതി താലൂക്ക് പ്രസിഡന്റ് മാത്യൂസ് നിരവത്ത് ആമുഖ സന്ദേശം നൽകി. പ്രശസ്ത മജീഷ്യൻ ജോയിസ് മുക്കുടം മാജിക്കിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നടത്തി.

ജോസഫ് ആന്റണി, ജോയി പടയാട്ടിൽ, ജോണി കണ്ണാടൻ, മാർട്ടിൻ കീഴേമാടൻ, ജോസ് കൈതമന, പോൾ കൊങ്ങാടൻ, ജോയി പനയ്ക്കൽ, ജിജു വർഗീസ്, കുര്യൻ കോതമംഗലം, കെ ഇ കാസിം, മൈക്കിൾ കൈതക്കൽ, എ റ്റി ലൈജു, ബിജു വെട്ടിക്കുഴ എന്നിവർ പ്രസംഗിച്ചു.

### *SS. 46/2025* ‘സജീവം സൺഡേ’ സംസ്ഥാനതല ഉദ്ഘാടനം നടത്തി

കേരള സോഷ്യൽ സർവീസ് ഫോറവും കാരിത്താസ് ഇന്ത്യയും സംയുക്തമായി ചേർന്ന് കേരളത്തിലെ 32 രൂപതകളിലുമായി നടപ്പിലാക്കുന്ന സജീവം ലഹരി വിരുദ്ധ ക്യാമ്പെയിന്റെ ഭാഗമായുള്ള ‘സജീവം സൺഡേ’യുടെ സംസ്ഥാനതല ഉദ്ഘാടനം തൊടുപുഴ നെടിയകാട് ലിറ്റിൽ ഫ്ളവർ ഇടവകയിൽ വച്ച് നടന്നു. കോതമംഗലം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ നെടിയകാട് ലിറ്റിൽ ഫ്ളവർ സൺഡേ സ്കൂളിന്റെ സഹകരണത്തോടെയാണ് പ്രോഗ്രാം സംഘടിപ്പിച്ചത്. പരിപാടിക്ക് മുന്നോടിയായി ലഹരി വിരുദ്ധ റാലിയും സംഘടിപ്പിച്ചു. കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ സജീവം സൺഡേ ലഹരിവിരുദ്ധ ക്യാമ്പെയിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിച്ചു. ഇടവക വികാരി ഫാ. തോമസ് പൂവത്തുങ്കൽ അധ്യക്ഷത വഹിച്ചു. കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ മുഖ്യപ്രഭാഷണം നടത്തി. പ്രശസ്ത മജീഷ്യൻ ജോയിസ് മുക്കുടം മാജിക്കിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം നട

ത്തി. അസി. വികാരി ഫാ. ജോസഫ് വെട്ടിക്കുഴിച്ചാലിൽ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സജീവം പ്രോജക്ട് സംസ്ഥാന കോ-ഓഡിനേറ്റർ സജോ ജോയി സന്ദേശം നൽകി. കെ.സി.വൈ എം. ടീം അവതരിപ്പിച്ച മൈം ഷോ പരിപാടിക്ക് മിഴിവേകി. സൺഡേ സ്കൂൾ ഹെഡ്മാസ്റ്റർ തങ്കച്ചൻ ഏരിമറ്റം സ്വാഗതവും സജീവം രൂപത കോ ഓഡിനേറ്റർ ജോൺസൻ കറുകപ്പിള്ളിൽ നന്ദിയും പറഞ്ഞു.

### *SS. 47/2025* സജീവം ഷോർട്ട്സ് വീഡിയോ മത്സരം റിസൽറ്റ്

സജീവം ലഹരി വിരുദ്ധ ക്യാമ്പെയിന്റെ ഭാഗമായി നടത്തിയ Shots വീഡിയോ മത്സരത്തിൽ ഫൈനൽ റൗണ്ടിലേക്ക് 10 വീഡിയോസ് സെലക്റ്റ് ആവുകയും ഈ വീഡിയോകൾ കാർലോ ടി വി യൂടൂബ് ചാനലിൽ അപ്‌ലോഡ് ചെയ്ത് ആദ്യത്തെ 15 ദിവസത്തെ (19.7.2025 10 am) കാഴ്ചക്കാരുടെ എണ്ണം കണക്കാക്കി സമ്മാനാർഹരായവരെ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അവരുടെ പേരുകളും കാഴ്ചക്കാരുടെ എണ്ണവും താഴെ ചേർക്കുന്നു.

ഒന്നാം സ്ഥാനം 5001 രൂപ വയലറ്റ് ഫ്രെയിംസ് മീഡിയ
C/o ലിൻറ്റോ തോമസ് മുതലക്കോടം (15646 views)

രണ്ടാം സ്ഥാനം 3001 രൂപ
കെ സി വൈ എം വാഴക്കുളം യൂണിറ്റ് (14846 views)

മൂന്നാം സ്ഥാനം 2001 രൂപ സെ. തോമസ് ചർച്ച് ചെപ്പുകുളം
(6384 views)

**പ്രോത്സാഹന സമ്മാനം**

1. ജോൺ ഡിയാഗോ ജോസൺ ഉടുമ്പന്നൂർ (5773)
2. സെ. ജോസഫ് HSS കരിമണ്ണൂർ C/o അനന്യ മനോജ് (4477)
3. KCYM മൈലക്കൊമ്പ് (3932)
4. KCYM തട്ടക്കുഴ (3731)
5. SAUPS നെടുങ്ങപ്ര (3400)
6. സെ.മേരീസ് HS കോടിക്കുളം (3221)
7. സിബിൻ ജോസ് വെളിയേൽച്ചാൽ (2946)

വിജയികൾക്ക് അഭിനന്ദനങ്ങൾ. സമ്മാന വിതരണ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

*SS. 48/2025* **ലീഡേഴ്സ് മീറ്റ് 2025**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ക്രെഡിറ്റ് യൂണിയനുകളുടെ ഭാരവാഹികളുടെ സംഗമം മൂവാറ്റുപുഴ നിർമ്മലമാത പള്ളി പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. KSSS ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് പ്രഫ. ജോസ് കാരികുന്നേൽ അധ്യക്ഷത വഹിച്ചു. അസി. ഡയറക്ടർ ഫാ. പൗലോസ് നെടുംതടത്തിൽ, ഐപ്പ് ജോൺ കല്ലുങ്കൽ, ജോൺസൺ കറുകപ്പിള്ളിൽ, സജോ ജോയി, ജോസ് പോൾ എന്നിവർ നേതൃത്വം നൽകി.

*SS. 49/2025* **മഴക്കാല സഹായപദ്ധതി**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി വഴി നടപ്പിലാക്കിയ മഴക്കാല സഹായ പദ്ധതിയുടെ ഗുണഭോക്താക്കൾക്കുള്ള സഹായം ബാങ്ക് ട്രാൻസ്ഫർ വഴി അയച്ചിട്ടുണ്ട്. 120 ഇടവകകളിലായി 326 ഗുണഭോക്താക്കൾക്ക് 44,96,000 രൂപയാണ് സഹായമായി നൽകിയിട്ടുള്ളത്. ചികിത്സ, വിദ്യാഭ്യാസം, വീട് പുനരുദ്ധാരണം എന്നിവക്കാണ് സഹായം നൽകിയത്. ജീവ മിൽക്കുമായി ചേർന്നാണ് മഴക്കാല സഹായ പദ്ധതി നടപ്പിലാക്കിയത്. രൂപതയിലെ മുഴുവൻ ഇടവകകളും ഇതിൽ സഹകരിക്കുകയുണ്ടായി. സഹകരിച്ച എല്ലാവർക്കും പ്രത്യേകം നന്ദി.

*Director*

---

## തിരുബാലസഖ്യം

---

*HC. 6/2025* **മത്സരങ്ങൾ**

തിരുബാലസഖ്യ മത്സരങ്ങൾ കോതമംഗലം, തൊടുപുഴ, മൂവാറ്റുപുഴ എന്നീ മൂന്ന് റീജിയണുകളിലായി ഓഗസ്റ്റ് 9 ശനിയാഴ്ച നടക്കുന്നു. രജിസ്ട്രേഷൻ 9 am ന് ആരംഭിക്കും. തുടർന്ന് മത്സരം 9.30 am ന് ആരംഭിക്കും. ഓഗസ്റ്റ് 4-ാം തീയതിക്ക് മുൻപ് മത്സരത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് ഒരു ശാഖയ്ക്ക് 800 രൂപയാണ്.

മത്സരങ്ങൾ നടക്കുന്ന മൂന്ന് സ്ഥലങ്ങൾ

1. കോതമംഗലം റീജിയൻ : സെന്റ് അഗസ്റ്റിൻ GHSS, കോതമംഗലം
2. തൊടുപുഴ റീജിയൻ : സെന്റ് സെബാസ്റ്റ്യൻ എച്ച്. എസ്. തൊടുപുഴ (തെനംകുന്ന്)
3. മൂവാറ്റുപുഴ റീജിയൻ : നിർമ്മല ഹയർ സെക്കൻഡറി സ്കൂൾ, മൂവാറ്റുപുഴ

മത്സര ഇനങ്ങൾ

1. വിശുദ്ധരുടെ കഥ പറച്ചിൽ : 3 മിനിറ്റ്
2. കളറിംഗ് : 30 മിനിറ്റ്
3. പ്രസംഗം : 3 മിനിറ്റ്
   വിഷയം: നമ്മൾ പ്രത്യാശയുടെ തീർത്ഥാടകർ
4. സംഗീതം : 5 മിനിറ്റ് വിഷയം: ദിവ്യകാരുണ്യ ഗീതങ്ങൾ
5. വചനം എഴുത്ത് : 30 മിനിറ്റ് വിഷയം : 2 കോറി
6. ബൈബിൾ വായന : വി. മത്തായിയുടെ സുവിശേഷം 5-ാം അധ്യായം
7. മൈ ബൈബിൾ : Seniors only മിനിമം 50 വചനം
8. കുട്ടി ക്വിസ് Seniors only
9. ആക്ഷൻ സോംഗ് : 7 മിനിറ്റ് (മിനിമം 5 പരമാവധി 7 പേർ)
10. ഗ്രൂപ്പ് സോംഗ് : 5 മിനിറ്റ് (മിനിമം 5 പരമാവധി 7 പേർ)

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 50/2025* **മേഖല ഡയറക്ടർ, അസി. ഡയറക്ടർ, ജോ. ഡയറക്ടർ സംഗമം**

മേഖല ഡയറക്ടർമാരുടെയും അസി. ഡയറക്ടർമാരുടെയും ജോയിന്റ് ഡയറക്ടേഴ്സിന്റെയും സംഗമം ജൂലൈ 1-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ടു.

### *CML 51/2025* 2024-25 പ്രവർത്തന വർഷത്തെ മികച്ച ശാഖകൾ, മേഖലകൾ

2024-25 പ്രവർത്തന വർഷത്തെ ശാഖാ, മേഖലാ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മികച്ച ശാഖകളെയും മേഖലകളെയും പ്രഖ്യാപിക്കുകയും ചെയ്തു.

**കാറ്റഗറി A**

ഗോൾഡൻ സ്റ്റാർ : കോതമംഗലം, വാഴക്കുളം, ആരക്കുഴ, പൈങ്ങോട്ടൂർ
സിൽവർ സ്റ്റാർ : നാകപ്പുഴ, മുതലക്കോടം, കരിമണ്ണൂർ, മാറിക
മിഷൻ സ്റ്റാർ : വണ്ണപ്പുറം, മൂവാറ്റുപുഴ, കല്ലൂർക്കാട്

**കാറ്റഗറി B**

ഗോൾഡൻ സ്റ്റാർ : അരിക്കുഴ
സിൽവർ സ്റ്റാർ : നെടുങ്ങപ്ര, കദളിക്കാട്
മിഷൻ സ്റ്റാർ : വെളിയേൽച്ചാൽ, ഞാറക്കാട്

**കാറ്റഗറി C**

ഗോൾഡൻ സ്റ്റാർ : രാജഗിരി, നിർമലമാത, മുണ്ടൻമുടി, മാതിരപ്പിള്ളി, ചെപ്പുകുളം, ചിലവ്
സിൽവർ സ്റ്റാർ : പരീക്കണ്ണി, വടാട്ടുപാറ
മിഷൻ സ്റ്റാർ : ഞായപ്പിള്ളി, മേക്കടമ്പ്

**മികച്ച മേഖലകൾ**

ഗോൾഡൻ സ്റ്റാർ : മൂവാറ്റുപുഴ മേഖല, വാഴക്കുളം മേഖല

### *CML 52/2025* രൂപതാ വാർഷികവും കൗൺസിലും

ചെറുപുഷ്പ മിഷൻ ലീഗ് കോതമംഗലം രൂപതാ 61-ാമത് രൂപതാ വാർഷികവും 62-ാമത് കൗൺസിലും ജൂലൈ 12 ശനിയാഴ്ച മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. പൊതുസമ്മേളനത്തിൽ മികച്ച ശാഖകളെയും മേഖലകളെയും ആദരിക്കുകയും രൂപതാ തലത്തിൽ നടത്തപ്പെട്ട വിവിധ മത്സരങ്ങളുടെ സമ്മാനദാനം നിർവഹിക്കുകയും സ്ഥാനം ഒഴിയുന്ന മുൻകാല ഭാരവാഹികളെ ആദരിക്കുകയും ചെയ്തു.

### *CML 53/2025* മേഖലാ സാഹിത്യ മത്സരം

2025-26 പ്രവർത്തന വർഷത്തെ മേഖലാ സാഹിത്യ മത്സരം ജൂലൈ 24 വ്യാഴാഴ്ച അതാത് മേഖലാ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെട്ടു

### *CML 54/2025* CHOSEN ലീഡേഴ്സ് ക്യാമ്പ്

മേഖലാ തലത്തിൽ ശാഖ ഭാരവാഹികൾക്കായി നടത്തുന്ന ലീഡേഴ്സ് മീറ്റ് CHOSEN ജൂലൈ 26-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. ജൂലൈ 26, 27 തീയതികളിൽ ദ്വിദിന ക്യാമ്പ് തൊടുപുഴ മേഖലയിൽ നടത്തി. എൺപതോളം കുട്ടികൾ സംബന്ധിച്ചു.

### *CML 55/2025* രൂപതാ സാഹിത്യ മത്സരം

2025-26 പ്രവർത്തന വർഷത്തെ രൂപതാ സാഹിത്യ മത്സരം ആഗസ്റ്റ് 15 ഉച്ചകഴിഞ്ഞ് 2 മണിക്ക് മൂവാറ്റുപുഴ നിർമല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു.

*Director*

## കെ.സി.എസ്.എൽ.

### *KCSL. 17/2025* ആനിമേറ്റേഴ്സ് വിദ്യാർത്ഥി ഭാരവാഹി നേതൃ സംഗമം

ഈ പ്രവർത്തന വർഷത്തിലെ ആദ്യ ആനിമേറ്റേഴ്സ് സംഗമവും വിദ്യാർത്ഥി ഭാരവാഹികളുടെ നേതൃത്വ സംഗമവും ജൂലൈ 19 ശനിയാഴ്ച മൂവാറ്റുപുഴ നിർമ്മല ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു. ഈ അവസരത്തിൽ പുതിയ ഭാരവാഹികളുടെ സത്യപ്രതിജ്ഞയും മാർഗ്ഗരേഖ പ്രകാശനവും നടത്തപ്പെട്ടു.

### *KCSL. 18/2025* ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്

ഇന്റർ സ്കൂൾ ബൈബിൾ ക്വിസ്സിന്റെ പ്രീലിമിനറി റൗണ്ട് മത്സരം ഓഗസ്റ്റ് 4-ന് റീജിയൻ സെന്ററുകളിൽ വച്ച് നടക്കുന്നതാണ്. ഒരു യൂണിറ്റിലെ ഓരോ വിഭാഗത്തിൽ നിന്നും രണ്ടു കുട്ടികളുള്ള ഒരു ടീമിന് ഈ ഘട്ടത്തിൽ പങ്കെടുക്കാം.

*KCSL. 19/2025* **വിയാനി ദിനാചരണം**

വിയാനി ദിനാചരണം ഓഗസ്റ്റ് നാലിന് രൂപത തലത്തിൽ നടത്തുന്നതാണ്. യൂണിറ്റ് തലത്തിൽ സൗകര്യപ്രദമായ സമയം കണ്ടെത്തി ആചരിക്കുമല്ലോ.

*KCSL. 20/2025* **സംസ്ഥാനതല ലീഡേഴ്സ് മീറ്റ്**

സംസ്ഥാനതലത്തിലുള്ള ലീഡേഴ്സ് മീറ്റ് ആഗസ്റ്റ് 1, 2 തീയതികളിൽ നമ്മുടെ രൂപതയുടെ നേതൃത്വത്തിൽ നെസ്റ്റിൽ വച്ച് നടക്കുന്നു. വിവിധ രൂപതകളിലെ കെ.സി.എസ്.എൽ ഭാരവാഹികൾ ഈ സംഗമത്തിൽ പങ്കെടുക്കും.

*Director*

## ഫാമിലി അപ്പോസ്തലേറ്റ്

*FA 20/2025* **രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി**

ജൂലൈ 8-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വെച്ച് ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത എക്സിക്യൂട്ടിവ് യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ കൊളംബേൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം ഫാമിലി അപ്പോസ്റ്റലേറ്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദീകരിക്കുകയും ഭാവി പ്രവർത്തനങ്ങൾക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. റീന രാജീവ്, ലോറൻസ് ഏനാനിക്കൽ എന്നിവർ പ്രസംഗിച്ചു.

*FA 21/2025* **ജൂബിലി ദമ്പതി സംഗമം 2025**

വിവാഹ ജീവിതത്തിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയ ദമ്പതിമാരെ ആദരിക്കുവാനായി നടത്തുന്ന ജൂബിലി ദമ്പതി സംഗമം ഒക്ടോബർ 1-ന് മൂവാറ്റുപുഴ നെസ്റ്റിൽ സംഘടിപ്പിക്കുന്നു. 1975 ലും 2000 ത്തിലും വിവാഹിതരായവർ ആണ് പങ്കെടുക്കേണ്ടത്. പങ്കെടുക്കുന്നവരുടെ ഫോട്ടോയും പേരുവിവരങ്ങളും (മലയാളത്തിൽ) ഫാമിലി അപ്പോസ്റ്റലേറ്റ് ഭാരവാഹികൾ വഴി നെസ്റ്റിലെ ഓഫീസിൽ ആഗസ്റ്റ് 30-നകം എത്തിക്കുവാൻ ബഹു വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*FA 22/2025* **അനുശോചനം**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത ജനറൽ സെക്രട്ടറി ജോളി കുമ്പാട്ടിന്റെ മാതാവിന്റെ നിര്യാണത്തിൽ രൂപത സമിതി അനുശോചനം അറിയിക്കുകയും രൂപത ഡയറക്ടർ ബഹു. ആന്റണി പുത്തൻകുളം അച്ചന്റെ നേതൃത്വത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും അന്തിമോപചാരം അർപ്പിക്കുകയും ചെയ്തു.

*FA 23/2025* **കുടുംബകൂട്ടായ്മ യോഗങ്ങളിലെ പഠനവിഷയം**

പ്രിയരേ, സീറോ മലബാർ സഭ, 2026 വർഷത്തെ സമുദായ ശക്തീകരണ വർഷമായി ആചരിക്കാനാണ് തീരുമാനമെടുത്തിട്ടുള്ളത്. ഇതിന് മുന്നോടിയായി നമ്മുടെ കുടുംബ കൂട്ടായ്മകളിൽ വായനയ്ക്കും പഠനത്തിനും ചർച്ചയ്ക്കുമായി നമ്മുടെ സമുദായത്തെ കുറിച്ചുള്ള കാര്യങ്ങൾ അല്പമായി എല്ലാ മാസവും പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ബഹു വികാരിയച്ചന്മാരുടെയും സിസ്റ്റേഴ്സിന്റെയും അല്മായ നേതാക്കളുടെയും നേതൃത്വത്തിൽ ഇവ ദൈവജനത്തിന് വിശദീകരിച്ച് കൊടുക്കാൻ ശ്രദ്ധിക്കുമല്ലോ.

**സമുദായം എന്നാൽ എന്ത്?**

**സാമൂഹിക ശാസ്ത്രത്തിന്റെ കാഴ്ച്ചപ്പാടിൽ:** വലിയ ഒരു പൊതു സമൂഹത്തിനുള്ളിൽ ജീവിക്കുന്നതും, ഒരേ സവിശേഷതകളോ, ഒരേ താല്പര്യങ്ങളോ ഉള്ളതുമായ ആളുകളുടെ കൂട്ടത്തെയാണ് സമുദായം എന്ന് വിളിക്കുന്നത്. കേരള സമൂഹത്തിൽ രൂപപ്പെട്ടതും ഇന്ന് ലോകമെമ്പാടും വ്യാപിച്ചിട്ടുള്ളതുമായ ഒരു സമുദായമാണ് സുറിയാനി കത്തോലിക്ക സമുദായം. വിശ്വാസം, പാരമ്പര്യം, ആചാരാനുഷ്ഠാനങ്ങൾ, സംസ്കാരം, ചരിത്രം, ഉറവിട ഭാഷ, ഭക്ഷണരീതി, വസ്ത്രധാരണ രീതി തുടങ്ങിയ നിരവധി കാര്യങ്ങൾ നമ്മുടെ സമുദായത്തിന് മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായി ഉണ്ട്. മേല്പറഞ്ഞവയെല്ലാമാണ് നമുക്ക് സ്വത്വബോധം അഥവാ identity പ്രദാനം ചെയ്യുന്നത്. ഇന്ത്യൻ ഭരണഘടനയും സമുദായ സ്വത്വത്തെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നു.

**തിരുവചനത്തിന്റെ കാഴ്ച്ചപ്പാടിൽ:** ‘സഹോദരരേ, നിങ്ങൾ എല്ലാവരും സ്വരച്ചേർച്ചയോടും ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടും കൂടെ വർത്തിക്കണമെന്ന് നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കു

ന്നു' (1 കോറി 1:10). വീണ്ടും പൗലോസ് ശ്ലീഹ പറയുന്നു: 'സകല മനുഷ്യർക്കും, പ്രത്യേകിച്ച്, വിശ്വാസത്തിൽ ഒരേ കുടുംബത്തിൽ അംഗങ്ങൾ ആയവർക്ക് നന്മ ചെയ്യാം'(ഗലാ 6:10). ലോകത്തിന്റെ സുവിശേഷവൽക്കരണത്തിന് മുൻപന്തിയിൽ നിൽക്കുന്ന സുറിയാനി കത്തോലിക്ക സമുദായം ലോകത്ത് എന്നും നിലനിൽക്കേണ്ടത് സാർവത്രിക സഭയുടെ ആവശ്യമാണ്, നാം ഓരോരുത്തരുടെയും കടമയാണ്. തിരുവചനം സമുദായബോധത്തെ ശരിവയ്ക്കുന്നത് തന്നെയാണ്.

**മാർത്തോമ നസ്രാണികളും, സമുദായവും**

ഇരുപതാം നൂറ്റാണ്ടിന് മുമ്പുവരെ കേരളത്തിൽ സമുദായം എന്ന പദം വ്യാപകമായി ഉപയോഗിച്ചിരുന്നില്ല. 'ജാതി' എന്ന വാക്കാണ് പകരം ഉപയോഗിച്ചിരുന്നത്. ഉദാ: നായർ, ഈഴവ വിഭാഗങ്ങൾ. ഈ സ്വാധീനത്തിൽ പെട്ട് സുറിയാനി കത്തോലിക്കരും തങ്ങളെ ഒരു ജാതിയായി കണക്കാക്കുകയും, അപ്രകാരം സ്വയം വിശേഷിപ്പിക്കുകയും ചെയ്തിരുന്നു. നമ്മുടെ സഭയുടെ തലവന്മാരായി സേവിച്ചിരുന്ന അർക്കദ്യാക്കോന്മാരെ 'ജാതിക്ക് കർത്തവ്യൻ' എന്നാണ് വിശേഷിപ്പിച്ചിരുന്നത്. നമ്മുടെ സമുദായത്തിന്റെ അനിഷേധ്യ നേതാവായിരുന്ന നിധീരിക്കൽ മാണിക്കത്തനാർ 1882 ൽ ആരംഭിച്ച പ്രസ്ഥാനത്തിന്റെ പേരും ജാതൈക്യസംഘം എന്നായിരുന്നു. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിന്റെ വളർച്ച, പാശ്ചാത്യ വിദ്യാഭ്യാസം, മറ്റ് ജാതികളുടെ പേരിലുള്ള ഉച്ചനീചത്വങ്ങൾ, വർണ്ണ വിവേചനങ്ങൾ എന്നിവയുടെ പശ്ചാത്തലത്തിൽ എല്ലാ വിഭാഗങ്ങളിലും ജാതി എന്നതിന് പകരം സമുദായം എന്ന പദം ഉപയോഗിക്കാൻ തുടങ്ങി. 1905-ൽ മാന്നാനത്ത് വച്ച് നിധീരിക്കൽ മാണിക്കത്തനാരാണ് നമുക്കായി ഒരു സമുദായ സംഘടന രൂപീകരിക്കുകയെന്ന ആശയം അവതരിപ്പിച്ചത്. ഈ പശ്ചാത്തലത്തിലാണ് സീറോ മലബാർ സഭാമക്കളായ നമ്മുടെ അഭ്യുന്നതി ലക്ഷ്യം വച്ചുകൊണ്ട് 1918-ൽ അഖില കേരള കത്തോലിക്ക കോൺഗ്രസ് (AKCC) രൂപംകൊണ്ടത്. സുറിയാനി കത്തോലിക്ക അഥവാ മാർത്തോമ നസ്രാണികളുടെ സമുദായ സംഘടനയായി ഇത് പ്രവൃത്തിച്ച് വരുന്നു. (തുടരും...)

*FA 24/2025* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

| | | |
|---|---|---|
| ആഗസ്റ്റ് | 7-9, | 21-23 |
| സെപ്റ്റംബർ | 1-3, | 18-20 |

*Director*

# പ്രോലൈഫ്

## *PL 9/2025* പ്രൊ ലൈഫ്

ജീവന്റെ മൂല്യങ്ങളും ജീവന് എതിരെയുള്ള വെല്ലുവിളികളെയും സംബന്ധിച്ചുള്ള പരിപാടികൾ താഴെപ്പറയുന്ന ദിവസങ്ങളിൽ വിവിധ സ്ഥലങ്ങളിൽ വച്ച് ശ്രീ. ജോയിസ് മുക്കുടം നടത്തി.

ജൂൺ 26 – വടവാതൂർ സെമിനാരി

ജൂൺ 30 – ചേലാട്

ജൂലൈ 6 – കരിമണ്ണൂർ

യുവജന ദിനം

ജൂലൈ 10 – ആനിക്കാട് എൽ.പി സ്കൂൾ

ജൂലൈ 12 – പാലക്കാട് രൂപത സ്റ്റാർട്സ് ട്രെയിനിംഗ് സെന്റർ.

ജൂലൈ 15 – കോതമംഗലം സെന്റ് ജോർജ് എച്ച്.എസ്.എസ്.

## *PL 10/2025* രൂപതാതല സമിതി

പ്രൊ ലൈഫ് സമിതി രൂപതാതല ആലോചനായോഗം ജൂലൈ 13-ന് NESTT പാസ്റ്റർ സെന്ററിൽ വച്ച് വികാരി ജനറൽ മോൺ. വിൻസെന്റ് നെടുങ്ങാട്ട് അച്ചന്റെ അധ്യക്ഷതയിൽ കൂടി. രൂപതാതല സമിതിയിലെ പ്രവർത്തിക്കുവാൻ താൽപര്യമുള്ള മുപ്പതോളം പേർ ഒരുമിച്ചു കൂടുകയും പ്രൊ ലൈഫിന്റെ രൂപതാതല പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ ഉണ്ടാക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. തദവസരത്തിൽ രൂപതയിൽ ഇപ്പോൾ നടത്തുന്ന പ്രോ ലൈഫ് പ്രവർത്തനങ്ങളെക്കുറിച്ച് അവലോകനം നടത്തി.

*Director*

# പിതൃവേദി

## *PV 12/2025* കാവക്കാട് ഇടവക

29.06.2025 ഞായറാഴ്ച കാവക്കാട് ഇടവകയിൽ ബഹു. രൂപതാ ഡയറക്ടർ ഫാ. ആന്റണി പുത്തൻകുളം അർപ്പിച്ച ദിവ്യബലിക്കുശേഷം

ഇടവകവികാരി ഇമ്മാനുവൽ മുണ്ടക്കൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പിതാക്കന്മാരുടെ യോഗത്തിൽ പിതൃവേദിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെപ്പറ്റി ബഹു. ഡയറക്ടർ അച്ചൻ വിശദമായി സംസാരിച്ചു. 260 വീട്ടുകാർ മാത്രമുള്ള ഇടവകയിൽ 160 കുടുംബനാഥന്മാരും പിതൃവേദി അംഗങ്ങളായതിൽ ഇടവകയെ അഭിനന്ദിച്ചു,

*PV 13/2025* **കുളപ്പുറം ഇടവക**

22.06.2025 ഞായറാഴ്ച ബഹു. വികാരി പോൾ ഇടത്തൊട്ടി അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ പിതാക്കന്മാരുടെ യോഗത്തിൽ രൂപതാ പ്രസിഡന്റ് Prof: ജോസ് എബ്രാഹം പിതൃവേദിയുടെ വിവിധ പ്രവർത്തന മേഖലകളെപ്പറ്റി വിശദമായി സംസാരിച്ചു. തൊടുപുഴ ഫൊറോനാ സെക്രട്ടറി ശ്രീ. ഫ്രാൻസിസ് സന്നിഹിതനായിരുന്നു.

*Director*

## മാതൃവേദി

*MV 14/2025* **രൂപതാ കമ്മിറ്റി**

ബഹു. ആന്റണി പുത്തൻകുളം അച്ചന്റെ നേതൃത്വത്തിലുള്ള ആദ്യത്തെ രൂപത സെനറ്റ് 17.06.2025 വെള്ളിയാഴ്ച 10.45 ന് നടത്തപ്പെട്ടു. ഓരോ ഫൊറോനയിൽ നിന്നും ആനിമേറ്റർ, പ്രസിഡന്റ്, 2 രൂപത സെനറ്റ് മെമ്പേഴ്സ് എന്നിവരുടെ പ്രാതിനിധ്യം ഉണ്ടായിരുന്നു. രൂപത പ്രസിഡന്റ് ജാൻസി മാത്യു അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സിജി ജോമി എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. ആന്റണി അച്ചൻ ഈ വർഷത്തെ കർമ്മപരിപാടികളെ കുറിച്ച് എല്ലാവർക്കും നിർദ്ദേശങ്ങൾ നൽകുകയും 05.07.2025 -ന് നടക്കാനിരിക്കുന്ന പ്രവർത്തന വർഷ ഉദ്ഘാടനത്തെക്കുറിച്ച് വിശദീകരണം നല്കുകയും ചെയ്തു. ജൂഡി ഡാലു ആശംസ അർപ്പിച്ച് സംസാരിച്ചു. മിനി ജോസ് എല്ലാവർക്കുമായി നന്ദി പറഞ്ഞു.

*MV 15/2025* **പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും**

05.07.2025 ശനിയാഴ്ച മാതൃവേദി പ്രവർത്തന വർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും നിർമ്മല ഹയർ സെക്കൻഡറി സ്കൂ

ളിൽ വച്ച് നടന്നു. ജാൻസി മാത്യു യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. അഭിവന്ദ്യ പിതാവ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും നടത്തി.

രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം ആമുഖ സന്ദേശം നൽകി. റവ. ഡോ. മാനുവൽ പിച്ചളക്കാട്ട് അനുഗ്രഹപ്രഭാഷണം നടത്തി. ആനിമേറ്റർ റവ. സി. ആനി തെരേസ് ആശംസയും, സെക്രട്ടറി ജൂഡി ഡാലു സ്വാഗതവും, വൈസ് പ്രസിഡന്റ് സെലിൻ ലൂയിസ് നന്ദിയും അർപ്പിച്ചു.

പ്രീത ജോണിച്ചൻ, സിജി ജോമി, സിൽജ ജോളി, മിനി ജോസ് എന്നിവർ നേതൃത്വം നൽകി. യൂണിറ്റ് ഭാരവാഹികൾ, ഫൊറോന ഭാരവാഹികൾ, സെനറ്റ് മെമ്പേഴ്സ്, ആനിമേറ്റർ സിസ്റ്റേഴ്സ് എന്നിവരാണ് പങ്കെടുത്തത്. ഏകദേശം 600 പേർ യോഗത്തിൽ പങ്കെടുത്തു.

പഴയ ഭാരവാഹികളെ പൊന്നാട അണിയിച്ച് ആദരിച്ചു. മാതാക്കളുടെ വിവിധ കലാപരിപാടികൾ അരങ്ങേറി. സ്നേഹവിരുന്നോടെ യോഗം അവസാനിച്ചു.

*Director*

# മദ്യവിരുദ്ധ സമിതി

### *MVS 10/2025* ചേലാട് ജംഗ്ഷനിൽ മാജിക്കിലൂടെ ലഹരിവിരുദ്ധ ബോധവൽക്കരണം

കോതമംഗലം രൂപത മദ്യവിരുദ്ധസമിതിയും കേരള മദ്യവിരുദ്ധ ഏകോപന സമിതിയും സജീവം ലഹരി വിരുദ്ധ പ്രോജക്ടും ഗ്രീൻ വിഷൻ കേരളയും സംയുക്തമായി ചേലാട് ജംഗ്ഷനിൽ ലഹരി വിരുദ്ധ സംഗമം നടത്തി. വേട്ടാമ്പാറ സെന്റ് സെബാസ്റ്റ്യൻസ് ഇടവക വികാരി ഫാ. ജോഷി നിരപ്പേൽ സംഗമം ഉദ്ഘാടനം ചെയ്തു. രാസലഹരിയുടെ വ്യാപനം വരുംതലമുറയുടെ അന്ത്യം കുറിക്കും എന്നും അതിനെതിരെ പൊതുസമൂഹം ജാഗ്രത പുലർത്തണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. മദ്യവിരുദ്ധ സമിതി മധ്യമേഖല പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. കോതമംഗലം രൂപത

സജീവം പ്രോജക്ട് കോ-ഓർഡിനേറ്റർ ജോൺസൺ കറുകപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. മദ്യനിരോധന ഏകോപന സമിതി താലൂക്ക് പ്രസിഡന്റ് മാത്യൂസ് നിരവത്ത് ആമുഖ സന്ദേശം നൽകി.

പ്രശസ്ത മജീഷ്യൻ ജോയിസ് മുക്കുടം മാജിക്കിലൂടെ ലഹരി വിരുദ്ധ ബോധവൽക്കരണം നടത്തി. ജോണി കണ്ണാടൻ, ജോസഫ് ആന്റണി, ജോയി പടയാട്ടിൽ, മാർട്ടിൻ കീഴേമാടൻ, ജോസ് കൈതമന, പോൾ കൊങ്ങാടൻ, ജോയി പനയ്ക്കൽ, ജിജു വർഗീസ്, കുര്യൻ കോതമംഗലം, കെ.ഇ. കാസിം, മൈക്കിൾ കൈതക്കൽ, എ.റ്റി. ലൈജു, ബിജു വെട്ടിക്കുഴ എന്നിവർ പ്രസംഗിച്ചു.

*MVS 11/2025* **ലഹരിവിരുദ്ധ റാലിയും സെമിനാറും പ്രതിജ്ഞയും**

കോതമംഗലം രൂപതയിലെ സ്കൂളുകളിലും സൺഡേ സ്കൂളുകളിലും അന്തരാഷ്ട്ര ലഹരി വിരുദ്ധദിനാചാരണം നടത്തി. ലഹരി വിരുദ്ധ ക്യാമ്പയിന്റെ ഭാഗമായി കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തിയ സമ്മേളനത്തിൽ മദ്യവിരുദ്ധ സമിതി രൂപതാ പ്രസിഡന്റ് പങ്കെടുത്ത് സന്ദേശം നൽകി. പ്രശസ്ത മജീഷ്യൻ ജോയിസ് മുക്കുടത്തിന്റെ മാജിക് ഷോ ശ്രദ്ധ പിടിച്ചു പറ്റി.

വടാട്ടുപാറ സെന്റ് മേരീസ് ഇടവകയിലെ സൺഡേ സ്കൂൾ ചെറുപുഷ്പ മിഷൻ ലീഗിന്റെയും മാതൃദീപ്തിയുടെയും ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധ റാലിയും സെമിനാറും ലഹരിവിരുദ്ധ പ്രതിജ്ഞയും നടത്തി. വികാരി ഫാ. ജിനോ ഇഞ്ചപ്ലാക്കൽ സെമിനാർ ഉദ്ഘാടനം ചെയ്തു, സൺഡേ സ്കൂൾ എച്ച്.എം. സി. ജസീന MSJ അധ്യക്ഷത വഹിച്ചു, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപത പ്രസിഡന്റ് ജെയിംസ് കോറമ്പേൽ ക്ലാസ്സ് എടുത്തു, മിലൻ രാജു, റീന സജി, സാബു ജോസ്, അഖിൽ ആന്റണി, ജോബി ജോസഫ്, ഷാന ഷാജൻ, ബിന്ദു ബിജു, എന്നിവർ നേതൃത്വം നൽകി. അയോണ മരിയ ഏലിയാസ് നന്ദി അർപ്പിച്ചു. റാലിയിൽ 250 ഓളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു,

*MVS 12/2025* **കോതമംഗലം റീജിയണൽ കൺവെൻഷൻ**

കോതമംഗലം, ഊന്നുകൽ, കുറുപ്പംപടി, വെളിയേൽചാൽ എന്നീ ഫൊറോനകൾ ഉൾപ്പെടുന്ന കോതമംഗലം റീജിയണൽ കൺവെൻഷൻ കത്തീഡ്രൽ പാരിഷ് ഹാളിൽ നടത്തി. സമ്മേളനം രൂപത ഡയ

റക്ടർ ഫാ. ജെയിംസ് ഐക്കരമറ്റം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ജെയിംസ് കോറമ്പേൽ അധ്യക്ഷത വഹിച്ച മീറ്റിംഗിൽ കത്തീഡ്രൽ വികാരി റവ. ഡോ. മാത്യു കൊച്ചുപുരക്കൽ മുഖ്യപ്രഭാഷണം നടത്തി.

ജോണി കണ്ണാടൻ, ബിജു വെട്ടിക്കുഴ, ജോർജ് കുടിയാറ്റ്, സിജോ കൊട്ടാരത്തിൽ, ജോമോൻ ജേക്കബ്, ജിജു വർഗീസ്, പോൾ കോങ്ങാടൻ, മാർട്ടിൻ കീഴെമാടൻ, ജോസ് കൈതമന, പീറ്റർ ഇടപ്പുളവൻ, ജോബി ജോസഫ്, ചിന്നമ്മ ജോസ്, നവീൻ കോട്ടയ്ക്കകുടി, എന്നിവർ പ്രസംഗിച്ചു. ജോൺസൺ കറുകപ്പിള്ളിൽ, ജോസ് പോൾ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

കോതമംഗലം റീജിയണൽ പ്രസിഡന്റായി ജോയ് പടയാട്ടിൽ (തൃക്കാരിയൂർ), സെക്രട്ടറിയായി ജിജു വർഗീസ് (കോതമംഗലം) എന്നിവരെ സമ്മേളനത്തിൽ തെരഞ്ഞെടുത്തു.

*Director*

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 18/2025* **രൂപത എക്സിക്യൂട്ടീവ് യോഗം**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോതമംഗലം രൂപത എക്സിക്യൂട്ടീവ് സമിതി ജൂലൈ എട്ടാം തീയതി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്ജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം മുഖ്യ പ്രഭാഷണം നടത്തി. ഫൊറോന കൺവെൻഷനുകൾ പൂർത്തിയാക്കുവാനും, ഡ്രീം ലൈൻ പ്രൊജക്ടുകൾ നടക്കാത്ത ഇടവകകൾ കേന്ദ്രീകരിച്ച് ദീപികയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കാൻ ആവശ്യമായ പ്രവർത്തനങ്ങൾ ഊർജിതമാക്കുവാനും തീരുമാനിച്ചു. യോഗത്തിൽ DFC സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം, ഫാ. ജെയ്സൺ നിരവത്ത്, രൂപത ജനറൽ സെക്രട്ടറി ജോർജ് മങ്ങാട്ട്, ജെയ്സൺ നടുവിലേകിഴക്കേൽ എന്നിവർ പ്രസംഗിച്ചു.

**DFC 19/2025 ദീപിക നമ്മുടെ ഭാഷാ പദ്ധതി**

വിദ്യാർത്ഥികളിൽ വായനാശീലം വർദ്ധിപ്പിക്കാനും ദീപിക ദിനപത്രത്തിന്റെ പ്രചാരത്തിനുമായി നടത്തുന്ന ദീപിക നമ്മുടെ ഭാഷാ പദ്ധതി പുതിയ അദ്ധ്യയന വർഷത്തിൽ രൂപതയിലെ സ്കൂളുകളിൽ ആരംഭിച്ചു. ഇതിന്റെ ആരക്കുഴ ഫൊറോന തല ഉദ്ഘാടനം ആരക്കുഴ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നു. രാഷ്ട്രദീപിക ഡയറക്ടർ ബോർഡ് മെമ്പർ റവ. ഡോ. തോമസ് പോത്തനാമുഴി ഉദ്ഘാടനം ചെയ്തു. ആർച്ച് പ്രീസ്റ്റ് ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ DFC രൂപത ഡയറക്ടർ റവ. ഡോ. ആന്റണി പുത്തൻകുളം മുഖ്യപ്രഭാഷണം നടത്തി. സ്കൂൾ പ്രിൻസിപ്പൽ ഷിജി മാണി, DFC സംസ്ഥാന പ്രസിഡന്റ് ലോറൻസ് എബ്രാഹം, രൂപത പ്രസിഡന്റ് ഡിഗോൾ കെ. ജോർജ്ജ്, സെക്രട്ടറി ജോർജ്ജ് മങ്ങാട്ട്, പോൾ ലൂയിസ്, സിബി പൊതൂർ, തോമസ് കുണിഞ്ഞി, ജിമ്മി ആനിക്കത്തോട്ടത്തിൽ, പഞ്ചായത്തംഗം ദീപ്തി സണ്ണി, ആരക്കുഴ കോഓപ്പറേറ്റീവ് ബാങ്ക് പ്രസിഡന്റ് ജോർജ്ജ് തോമസ് ചേറ്റൂർ എന്നിവർ പ്രസംഗിച്ചു. DFC ഫൊറോന ഭാരവാഹികൾ നേതൃത്വം നൽകി.

**ദീപിക നമ്മുടെ ഭാഷാപദ്ധതി ഇതുവരെ നടന്ന സ്കൂളുകൾ**

1. Velielchal St. Joseph's HS
2. Nediakad Little Flower UP
3. Njarakad St. Jerome' s LP
4. Karimannoor St. Joseph's HS & HSS
5. Kalayanthani St. George HS
6. Thodupuzha JaiRani CBSE & State
7. Karakunnam Fathima Matha LP
8. Neyyassery St. Sebastian' s HS
9. Thodupuzha St. Sebastian's HS
10. Nakapuzha CBSE & State
11. Thazhuvumkunnu LP
12. Anicad St. Sebastian's HS
13. Kavalangad St. John' s HS
14. Arakuzha St. Mary' s HS, HSS
15. Arakuzha St. Joseph' s HS

16. Meenkunnam LP
17. Periguzha LP
18. Pandappilly UP
19. Thottakara LP
20. Memadangu HS
21. Paingottoor LP
22. Karimannoor Govt. LP
23. Peringassery Govt. HS
24. Kallanickal HSS
25. Kaliyar LP, UP, HSS
26. Parapuzha LP
27. Vandamattam Govt. School
28. Chalassery UP
29. Ezhumuttam LP
30. Vazhakala UP
31. Sanjo Public School Koduvely
32. Palamattam Govt. LP
33. Punnekad Govt. LP

*Co-ordinator*

# യുവദീപ്തി- K.C.Y.M.

## *YD 27/2025* പ്രവർത്തന വർഷ ഉദ്ഘാടനം

യുവദീപ്തി കെ.സി.വൈ.എം. കോതമംഗലം രൂപതയുടെ 2025-26 പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും Hazon, ആലക്കോട് സെന്റ് തോമസ് മൂർ ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാ പ്രസിഡന്റ് ശ്രീ. സാവിയോ തോട്ടുപുറം അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിന് കോതമംഗലം രൂപത വികാരി ജനറൽ മോൺ. റവ. ഡോ. വിൻസന്റ് നെടുങ്ങാട്ട് ഉദ്ഘാടന കർമ്മം നിർവഹിച്ചു. മുഖ്യാതിഥിയായി പ്രശസ്ത സംഗീത സംവിധായകൻ ശ്രീ. ജേക്സ് ബിജോയ് പങ്കെടുത്തു. രൂപതാ ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ, അസി. ഡയറക്ടർ റവ. ഫാ. ആന്റണി വിളയപ്പിള്ളിൽ, ആനിമേറ്റർ റവ. സി. റെറ്റി എഫ്.സി.സി, രൂപത ജനറൽ സെക്രട്ടറി അനു മേക്കുഴിക്കാട്ട്, രൂപത സെക്രട്ടറി ആൻഡ്രിയ കുര്യൻ, ഫൊറോന ഡയറക്ടർ

റവ. ഫാ. ജോർജ് പീച്ചാനിക്കുന്നേൽ, യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് അറയ്ക്കൽ, ഫൊറോന പ്രസിഡന്റ് അൽഫോൻസ് തങ്കച്ചൻ, യൂണിറ്റ് പ്രസിഡന്റ് അലൻ ജോസഫ് എന്നിവർ സംസാരിച്ചു. 500 ൽ അധികം യുവജനങ്ങൾ പങ്കെടുത്തു.

*YD 28/2025* **Go Forth – ഫൊറോന ലീഡേഴ്സ് ക്യാമ്പ്**

കോതമംഗലം രൂപതയിലെ 14 ഫൊറോനകളെ നയിക്കുന്ന ഫൊറോന നേതാക്കന്മാർക്ക് വേണ്ടി മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് Go Forth- To Go Forword with Hope ഫൊറോന ലീഡേഴ്സ് ക്യാമ്പ് നടന്നു. 14 ഫൊറോനകളിൽ നിന്നായി 60 ഓളം യുവജനങ്ങൾ പങ്കെടുത്തു. റിസോഴ്സ് പേഴ്സൺ ശ്രീ. അരുൺ ജോസിന് രൂപത യുവജന പ്രസ്ഥാനത്തിന്റെ നന്ദി.

*YD 29/2025* **അരങ്ങ് – രൂപതാതല രചന മത്സരം**

ആഗസ്റ്റ് 3 ഞായറാഴ്ച്ച, 1.30 pm ന് കോതമംഗലം, മൂവാറ്റുപുഴ, തൊടുപുഴ മേഖലകളിലായി നടത്തപ്പെടുന്നു.
മത്സരകേന്ദ്രങ്ങൾ

| | | |
|---|---|---|
| തൊടുപുഴ മേഖല | : | സെന്റ് സെബാസ്റ്റ്യൻസ് UPS തൊടുപുഴ |
| മൂവാറ്റുപുഴ മേഖല | : | നിർമ്മല HSS സ്കൂൾ മൂവാറ്റുപുഴ |
| കോതമംഗലം മേഖല | : | സെന്റ് അഗസ്റ്റിൻസ് GHSS കോതമംഗലം |

ട്രോൾ മേക്കിംഗ്, ഡിജിറ്റൽ പോസ്റ്റർ മേക്കിംഗ് എന്നീ മത്സര യിനങ്ങൾ യഥാക്രമം ആഗസ്റ്റ് 9 ശനിയാഴ്ച്ച രാത്രി 7 മണിക്കും 9 മ ണിക്കും online ആയി നടത്തപ്പെടും.

*YD 30/2025* **അരങ്ങ് – രൂപത കലോത്സവം**

അരങ്ങ് രൂപത കലോത്സവം സെപ്റ്റംബർ 13,14 ന് മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് നടത്തപ്പെടും. ഡിബേറ്റ്, ക്വിസ് മത്സര ങ്ങൾ എന്നിവ 2025 ആഗസ്റ്റ് 24 ഞായറാഴ്ച്ച നടത്തപ്പെടും.

അരങ്ങ് കലോത്സവത്തിനായുള്ള രജിസ്ട്രേഷൻ : 2025 ആഗസ്റ്റ് 1 വെള്ളിയാഴ്ച്ച ആരംഭിക്കും. അവസാനിക്കുന്ന തീയതി : ആഗസ്റ്റ് 22 വെള്ളിയാഴ്ച്ച.

*Director*

# ജീസസ് യൂത്ത്

*JY 21/2025* **CPG , HOUSEHOLD**

**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം

തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ

ആഗസ്റ്റ് മാസത്തെ ഹൗസ് ഹോൾഡ് കൂട്ടായ്മ 3-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് മൈലക്കൊമ്പ് സാൻ പിയോ സെന്ററിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും കോതമംഗലം സബ് സോണിന്റേത് സെന്റ് ജോസഫ് അസൈലം ഹോമിൽ വച്ചും നടത്തപ്പെടുന്നതാണ്.

ആഗസ്റ്റ് മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 8-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 22/2025* **TOC**

ജീസസ് യൂത്ത് കോതമംഗലം ടീൻസ് ടീമിന്റെ ആഭിമുഖ്യത്തിൽ Teens Of Christ (TOC) one day -പ്രോഗ്രാം മൂവാറ്റുപുഴ നിർമ്മല സ്കൂളിൽ വച്ച് ആഗസ്റ്റ് 9-ാം തീയതി നടത്തപ്പെടുന്നതാണ്.

*JY 23/2025* **Leaders Gathering**

ജീസസ് യൂത്ത് കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ സോണിലെ നേതൃത്വങ്ങളുടെ കൂട്ടായ്മ ജൂലൈ മാസം 26, 27 തീയതികളിൽ വാഴപ്പിള്ളി ജീവോദയ സെന്ററിൽ വച്ച് നടത്തപ്പെട്ടു. പുത്തൻ നേതൃത്വങ്ങൾക്കു പ്രചോദനമേകാനും മിനിസ്ട്രി ടീമുകൾക്ക് ഒരു പുതിയ തുടക്കമേകാനും ഈ പ്രോഗ്രാം സഹായകമായി.

*Animator*

# കേരള ലേബർ മൂവ്മെന്റ്

*KLM 14/2025* **നിർമ്മാണ തൊഴിലാളി ഫോറം**

കേരളാ ലേബർ മൂവ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള നിർമ്മാണ

തൊഴിലാളി ഫോറത്തിന്റെ രൂപതാ സമ്മേളനം ആഗസ്റ്റ് 1-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നു. സംസ്ഥാന പ്രസിഡന്റ് തോമസ് കുരിശിങ്കൽ ക്ലാസ്സ് നയിക്കും.

*KLM 15/2025* **തയ്യൽ എസ്.എച്ച് കൾക്ക് നൈപുണ്യ പരിശീലനം**

കെ.എൽ.എം.ന്റെ നേതൃത്വത്തിലുള്ള എസ്.എച്ച്. ഗ്രൂപ്പ് അംഗങ്ങളായ തയ്യൽ തൊഴിലാളികൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ കെ.എൽ.എം. രൂപതാ ഓഫീസിൽ ആഗസ്റ്റ് 15-ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യണം.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**August 2025**

| | | |
|---|---|---|
| 1 - 2 | - | KCSL State Leaders Camp |
| 7 - 9 | - | Pre-Marriage Course |
| 9 - 10 | - | Catechism department's Camp for Class 9 |
| 16 - 17 | - | KCYM Unit Leaders' camp |
| 21 - 23 | - | Pre-Marriage Course |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| Rev. Msgr. | Malekandathil Pius | ” | 21 |
| Rev. Fr. | Kunnappillil Augustine | ” | 28 |
| ” | Nirappel Augustine | ” | 28 |
| ” | Padinjarekutt Augustine | ” | 28 |
| ” | Vattakkatt Augustine | ” | 28 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജൂൺ 2025**

28 • പുറപ്പുഴ ഇടവകയിൽ പി.ജെ. ജോസഫിന്റെ ശതാഭിഷേകത്തോടനുബന്ധിച്ച് ഭവനത്തിൽ ചെന്ന് ആശംസകൾ നേർന്നു.

• കാളിയാർ സെന്റ് റീത്താസ് ഫൊറോന പള്ളിയിൽ നടത്തപ്പെട്ട രൂപതാ ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

29 • മൂവാറ്റുപുഴ ഹോളി മാഗി ഫൊറോന പള്ളിയിൽ പൂനാട്ട് ബഹു. മാത്യു അച്ചന്റെ നവതി ആഘോഷാവസരത്തിലെ വി. കുർബാന മദ്ധ്യേ സന്ദേശം നൽകി.

• മാവേലിക്കര രൂപതയിൽ അഭിവന്ദ്യ പോളിക്കാർപ്പോസ് പിതാവിന്റെ സുന്ത്രോണിസോ ശുശ്രൂഷയിൽ പങ്കെടുത്തു.

**ജൂലായ് 2025**

03 • ദുക്റാന തിരുനാളിനോടനുബന്ധിച്ചു ബസ്ലഹം ഇടവകയിൽ ആഘോഷമായ വി. കുർബാനയർപ്പിച്ച് മിഷൻ ലീഗ് സംഘടിപ്പിച്ച നസ്രാണി തനിമ നിറഞ്ഞ എക്സിബിഷൻ ഉദ്ഘാടനം ചെയ്തു.

04 • രൂപതാദിനത്തിൽ ആദരിക്കപ്പെട്ട ഡോ. ഇ.വി. ജോർജിനെ തൊടുപുഴയുള്ള അദ്ദേഹത്തിന്റെ ഭവനത്തിൽ സന്ദർശിച്ചു.

05 • മൂവാറ്റുപുഴ നിർമ്മല ഹയർസെക്കൻഡറി സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ട മാതൃവേദിയുടെ രൂപതാസമ്മേളനത്തിൽ പുതിയ പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്തു.

• സി.എം.സി. സന്ന്യാസിനി സമൂഹത്തിന്റെ കോതമംഗലം മഠത്തിലെ സി. അനിറ്റ മടേക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

06 • ഞായപ്പിള്ളി ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

• പൂയംകുട്ടി മണികണ്ടംച്ചാലിൽ മലവെള്ളപ്പാച്ചിലിൽപ്പെട്ടു മരണപ്പെട്ട വാറുകുട്ടമാവിള ബിജുവിന്റെ ഭവനം സന്ദർശിച്ചു.

07 • സി.എം.സി. സന്ന്യാസിനി സമൂഹത്തിന്റെ പ്രോവിൻഷ്യൽ ഭവനത്തിൽ വി. കുർബന അർപ്പിച്ചു.

08 • സി. എസ്. എൻ സന്ന്യാസിനി സമൂഹത്തിന്റെ കോതമംഗലം ശോഭന മഠത്തിലെ നവീകരിച്ച കപ്പേള പുനർകൂദാശ ചെയ്തു.

• എഫ്.സി.സി. സന്ന്യാസിനി സമൂഹത്തിലെ സി. ആനി തെരുവം കുന്നേലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് വാഴപ്പിള്ളി മഠത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

13 • മൈനർ സെമിനാരിയിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

• മൂവാറ്റുപുഴ നെസ്റ്റിൽ നടത്തപ്പെട്ട കെ.സി.എഫിന്റെ സംസ്ഥാന കമ്മിറ്റി യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

16 • തൃക്കാരിയൂർ ഇടവകയിലെ സി.എസ്.എൻ. മഠത്തിൽ വി. കുർബാന അർപ്പിച്ചു.

17 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് യാക്കോബായ സുറിയാനി സഭയുടെ അധ്യക്ഷൻ ബസേലിയോസ് മോർ ജോസഫ് ബാവയ്ക്ക് രൂപത നൽകിയ സ്വീകരണത്തിൽ അദ്ധ്യക്ഷത വഹിച്ചു.

• വാഴപ്പിള്ളി മഠത്തിൽ എഫ്.സി.സി സന്ന്യാസിനി സമൂഹത്തിലെ സി. ട്രീസ മേരി മഠത്തിക്കണ്ടത്തിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

18 • മാറിക മഠത്തിൽ എസ്.എ.ബി.എസ് സന്ന്യാസിനി സമൂഹത്തിലെ സി. റീത്ത ജോസഫ് നെടുങ്ങാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

19 • മൂവാറ്റുപുഴ നെസ്റ്റിൽ നടത്തപ്പെട്ട കൈക്കാരന്മാരുടെ സമ്മേളനത്തിൽ പങ്കെടുത്തു.

• കരിമണ്ണൂർ ഇടവകയിൽ തെക്കേയറ്റത്ത് ജോസിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

20 • അരിക്കുഴ ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

21 • കദളിക്കാട് ഇടവകയിൽ അറയിൽ അന്നക്കുട്ടിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.

- രണ്ടാർ ഇടവകയിൽ വടക്കേക്കുടി റോയിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമികത്വം വഹിച്ചു.
- മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തപ്പെട്ട വൈദികരുടെ വാർഷിക ധ്യാനത്തിൽ സംബന്ധിച്ചു.

22
- കുറുപ്പംപടി മഠത്തിൽ സി.എം.സി. സന്ന്യാസിനി സമൂഹത്തിലെ സി. ഡൽഫീനയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യ കാർമികത്വം വഹിച്ചു.

25
- മീങ്കുന്നം പള്ളിയിൽ കുഴികണ്ണിയിൽ ബഹു. ജോസഫ് അച്ചന്റെ ഒന്നാം ചരമവാർഷികത്തിൽ വി. കുർബാന അർപ്പിച്ചു.

# Bishop's Engagements

## August 2025

| | | | | |
|---|---|---|---|---|
| 01 | Fri | KCSL State Meet | NESTT | 05:00 pm |
| 02 | Sat | BAPTISM | Vazhakkala<br>Kodikkulam | 10:00 am<br>11:30 am |
| 04 | Mon | Holy Qurbana | MSJ Generalate | 6:30 am |
| 05-09 | Tue-Sat | KCBC Bishops' Retreat | Mount St. Thomas | |
| 09 | Sat | CHF Vestition | Peringuzha | 02:30 pm |
| | | Marriage | Thodupuzha | 05:00 pm |
| 11 | Mon | Baptism | Purapuzha | 11:00 am |
| 12 | Tue | Baptism | Vazhakulam | 10:00 am |
| 13 | Wed | Baptism | Karimannoor | 4:00 pm |
| 14 | Thu | Betrothal | Paingottoor | 12.:00 pm |
| | | Jubilee | Snehalayam Malayinkeezhu | 3:00 pm |
| 15 | Fri | Solemn Holy Qurbana | Divine Mercy Shrine | 4:00 pm |
| 16 | Sat | Solemn Holy Qurbana | Ponnamthanam | |
| 18- 29 | Mon-Fri | Holy Synod of Syro Malabar Church | | |
| 30 | Sat | Marian Pilgrimage | Mailacombu - Nakapuzha | 3:00 pm |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | „ | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | „ | 06-09-1956 |
| ഫാ. പോൾ മണ്ഡപം | „ | 08-09-2005 |
| റവ. മോൺ. ജോർജ് കുരുക്കൂർ | „ | 09-09-2024 |
| ഫാ. ജോസഫ് കക്കുഴിയിൽ | „ | 11-09-2000 |
| ഫാ. വർഗീസ് മൊതകുന്നേൽ | „ | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | „ | 14-09-2005 |
| ഫാ. ജോസഫ് കൂട്ടുങ്കൽ | „ | 14-09-2023 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | „ | 17-09-1999 |
| ഫാ. വർഗീസ് മണിയാട്ട് | „ | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | „ | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | „ | 22-09-2013 |
| ഫാ. പീറ്റർ കിഴക്കേടത്ത് | „ | 22-09-2016 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | „ | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | „ | 24-09-1998 |
| ഫാ. സഖറിയാസ് തുടിയൻപ്ലാക്കൽ | „ | 27-09-2017 |
| ഫാ. പൗലോസ് കാക്കനാട്ട് | „ | 29-09-1975 |

# നിര്യാതരായി

## സി. എമിയ CSN പീച്ചാട്ട്



| | | |
|---|---|---|
| ഇടവക | - | നെല്ലിമറ്റം |
| ജനനം | - | 02-06-1944 |
| ആദ്യവ്രതം | - | 10-08-1965 |
| നിത്യവ്രതം | - | 15-08-1971 |
| മരണം | - | 01-07-2025 |
| മൃതസംസ്കാരം | - | 02-07-2025 |

## സി. അനിറ്റ CMC മടേക്കൽ



| | | |
|---|---|---|
| ഇടവക | - | മൂവാറ്റുപുഴ |
| ജനനം | - | 17-02-1941 |
| ആദ്യവ്രതം | - | 15-04-1965 |
| നിത്യവ്രതം | - | 30-05-1969 |
| മരണം | - | 03-07-2025 |
| മൃതസംസ്കാരം | - | 05-07-2025 (കോതമംഗലം) |

## സി. മേരി ബെല്ലർമിൻ ഈഴക്കുന്നേൽ SH



| | | |
|---|---|---|
| ഇടവക | - | നെടിയകാട് |
| ജനനം | - | 07-05-1946 |
| ആദ്യവ്രതം | - | 02-05-1967 |
| നിത്യവ്രതം | - | 02-05-1972 |
| മരണം | - | 05-07-2025 |
| മൃതസംസ്കാരം | - | 06-07-2025 (മൈലക്കൊമ്പ്) |

## സി. ആനി ജോൺ FCC തെരുവംകുന്നേൽ



| | | |
|---|---|---|
| ഇടവക | - | നെടിയകാട് |
| ജനനം | - | 27-02-1945 |
| ആദ്യവ്രതം | - | 09-05-1966 |
| നിത്യവ്രതം | - | 26-05-1971 |
| മരണം | - | 06-07-2025 |
| മൃതസംസ്കാരം | - | 08-07-2025 (ഈസ്റ്റ് വാഴപ്പിള്ളി) |

## സി. അക്വീന കാപ്പിൽ SABS



| | | |
|---|---|---|
| ഇടവക | - | കോടിക്കുളം |
| ജനനം | - | 20-08-1935 |
| ആദ്യവ്രതം | - | 13-04-1957 |
| നിത്യവ്രതം | - | 03-06-1961 |
| മരണം | - | 13-07-2025 |
| മൃതസംസ്കാരം | - | 14-07-2025 (മാറിക) |

## സി. ട്രീസാ മേരി FCC മഠത്തിക്കണ്ടത്തിൽ



ഇടവക - കരിമണ്ണൂർ
ജനനം - 22-03-1942
ആദ്യവ്രതം - 07-05-1965
നിത്യവ്രതം - 07-05-1968
മരണം - 15-07-2025
മൃതസംസ്കാരം - 17-07-2025 (ഈസ്റ്റ് വാഴപ്പിള്ളി)

## സി. മേരി ബർണാർഡ് മാവറ SH



ഇടവക - തോട്ടക്കര
ജനനം - 31- 03-1934
ആദ്യവ്രതം - 02-05-1958
നിത്യവ്രതം - 02-05-1961
മരണം - 16-07-2025
മൃതസംസ്കാരം - 17-07-2025 (മൈലക്കൊമ്പ്)

## സി. റീത്ത ജോസഫ് നെടുങ്ങാട്ട് SABS



ഇടവക - കാവക്കാട്
ജനനം - 27-12-1934
ആദ്യവ്രതം - 24-04-1962
നിത്യവ്രതം - 25-04-1966
മരണം - 16-07-2025
മൃതസംസ്കാരം - 18-07-2025 (മാറിക)

## സി. ആശ SMS തുരുത്തിക്കര



ഇടവക - നരിയങ്ങാനം
ജനനം - 24-03-1953
ആദ്യവ്രതം - 02-05-1977
നിത്യവ്രതം - 16-05-1983
മരണം - 21-07-2025
മൃതസംസ്കാരം - 22-07-2025

# സി. ഇവാഞ്ചലിസ്റ്റ് CMC വടക്കേൽ



| | | |
|---|---|---|
| ഇടവക | - | കരിമണ്ണൂർ |
| ജനനം | - | 29-12-1932 |
| ആദ്യവ്രതം | - | 15-04-1967 |
| നിത്യവ്രതം | - | 15-05-1972 |
| മരണം | - | 26-07-2025 |
| മൃതസംസ്കാരം | - | 27-07-2025 (മൂവാറ്റുപുഴ) |



രൂപതയിലെ എല്ലാ പള്ളികളിലും നിന്നുള്ള കൈക്കാരന്മാരുടെ സമ്മേളനം

(19 – 07 – 2025)



നവീകരിച്ച നെല്ലിമറ്റം സെന്റ് ജോസഫ് പള്ളിയുടെ പുനർ കൂദാശ

കർമ്മം അഭിവന്ദ്യ പിതാവ് നിർവഹിച്ചു (27 – 07 – 2025)

Deivarajyam
August 2025

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/08/2025
Posted at Thodupuzha Stg.
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691